പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി X
# (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
## (FOREST, ENVIRONMENT AND TOURISM)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2020 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31st MARCH, 2020)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2020 ആഗസ്റ്റ് 24-ാം തീയതി സമർപ്പിച്ചത്
(Presented on 24th August 2020)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2020

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2020

പതിനാലാം കേരള നിയമസഭ
(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി X
# (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
## (FOREST, ENVIRONMENT AND TOURISM)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2020 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31st MARCH, 2020)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

554/2020.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 5 |

# സബ്ജക്ട് കമ്മിറ്റി X

## (വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും)

## (2019-2021)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. കെ. രാജു,
വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u> :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ,
സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. എൽദോ എബ്രഹാം

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. റോജി എം. ജോൺ

ശ്രീ. കെ. എം. ഷാജി

ശ്രീ. എ. എൻ. ഷംസീർ

ശ്രീ. സണ്ണി ജോസഫ്.

ശ്രീ. കെ. യു. ജനീഷ് കുമാർ*

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി മഞ്ജു വർഗ്ഗീസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ലാലി വി. എസ്, അണ്ടർ സെക്രട്ടറി.

---

* 2019 നവംബർ 4-ാം തീയതിയിലെ 768-ാം നമ്പർ ബുള്ളറ്റിൻ ഭാഗം 2 പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ടു

## അവതാരിക

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് സമർപ്പിക്കുന്നു.

2019 ജനുവരി 7-ാം തീയതിയിലെ 598-ാം നമ്പർ ബുള്ളറ്റിൻ ഭാഗം-2 പ്രകാരം രൂപീകരിക്കുകയും 2019 നവംബർ 4-ാം തീയതിയിലെ 768-ാം നമ്പർ ബുള്ളറ്റിൻ ഭാഗം -2 പ്രകാരം പുതുതായി അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുകയും ചെയ്ത 2019-2021 കാലയളവിലേയ്ക്കുള്ള സമിതിയിൽ ചെയർമാൻ ഉൾപ്പെടെ ആകെ 10 അംഗങ്ങളാണുള്ളത്.

പതിനാലാം കേരള നിയമസഭയുടെ 2019-2021 കാലയളവിലേയ്ക്കുള്ള സബ്ജക്ട് കമ്മിറ്റി X, 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ 25-6-2019, 29-7-2019, 27-8-2019, 30-1-2020, 20-2-2020, 25-2-2020 എന്നീ തീയതികളിലായി സമിതി 6 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 20-2-2020, 25-2-2020 എന്നീ തീയതികളിലെ യോഗങ്ങൾ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയ്ക്കായും മറ്റ് നാല് യോഗങ്ങൾ സമിതിയുടെ പരിധിയിൽ വരുന്ന മറ്റ് വിഷയങ്ങൾ പരിഗണിക്കുന്നതിനുമായിരുന്നു. മേൽപ്പറഞ്ഞ സമിതി യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർനില 46% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം അദ്ധ്യായത്തിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങളും രണ്ടാം അദ്ധ്യായത്തിൽ സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങളും മൂന്നാം അദ്ധ്യായത്തിൽ സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്. ആർ. ഒ-കളുടെ വിശദാംശങ്ങളും ചേർത്തിരിക്കുന്നു. നാലാം അദ്ധ്യായത്തിൽ നിയമസഭാ ചട്ടം 235 (എ) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങളും അഞ്ചാം അദ്ധ്യായത്തിൽ നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങളും ആറാം അദ്ധ്യായത്തിൽ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹവും, ഏഴാം

അദ്ധ്യായത്തിൽ സമിതിയുടെ പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു. റിപ്പോർട്ട് കാലയളവിലെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2020 ജൂലൈ 22-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കെ. രാജു,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
2020 ജൂലൈ 22.

# റിപ്പോർട്ട്

അദ്ധ്യായം I

## സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1. സമിതിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 2019 മാർച്ച് 21-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2019 മേയ് 28-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. സമിതിയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2019 ജൂൺ 25-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2019 ജൂൺ 27-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ പീരിയോഡിക്കൽ റിപ്പോർട്ട് 2019 ജൂൺ 25-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2019 ജൂൺ 27-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

4. " വന്യജീവി ആവാസകേന്ദ്രങ്ങളുടെ സമഗ്ര വികസനം" എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് 2020 ജനവരി 30-ാം തീയതി ചേർന്ന സമിതി യോഗം അംഗീകരിക്കുകയും 2020 ഫെബ്രുവരി 5-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

5. സമിതിയുടെ 2020-2021 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 2020 ഫെബ്രുവരി 25-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2020 മാർച്ച് 2-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

അദ്ധ്യായം II

## സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

ഈ കാലയളവിൽ സമിതിയുടെ പരിഗണനയ്ക്കായി ബില്ലുകൾ ലഭിച്ചിട്ടില്ല

അദ്ധ്യായം III

## സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ-കളുടെ വിശദാംശങ്ങൾ

2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ [കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ] ആക്ടിന്റെ കരട് ചട്ടം 2019 ആഗസ്റ്റ് 27-ാം തീയതി ചേർന്ന സമിതിയോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

ഈ കാലയളവിൽ സമിതിയുടെ പരിഗണനയ്ക്കായി എസ്.ആർ.ഒ കൾ ലഭിച്ചിട്ടില്ല.

അദ്ധ്യായം IV

## നിയമസഭാ ചട്ടം 235 (എ) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ

1) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (1)(iii) പ്രകാരം സമിതി 2019 ജൂലൈ 29-ാം തീയതി യോഗം ചേർന്ന് " കേരളത്തിലെ ടൂറിസം വികസനത്തിന് സാധ്യതയുള്ള പുതിയ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുള്ള പഠനം" എന്ന വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയുണ്ടായി. പ്രസ്തുത വിഷയത്തിന്മേൽ ടൂറിസം വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് അപൂർണ്ണമായിരുന്നതിനാൽ, വിശദമായ റിപ്പോർട്ട് ലഭ്യമായശേഷം വനം വകുപ്പ് ഉദ്യോഗസ്ഥരെക്കൂടി ഉൾപ്പെടുത്തി പ്രസ്തുത വിഷയം സംബന്ധിച്ച് വിശദമായ തുടർചർച്ച നടത്തുവാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

2) സമിതി, 2019 ആഗസ്റ്റ് 27-ാം തീയതി യോഗം ചേർന്ന് "കേരളത്തിലെ കായൽതീരവിനോദ സഞ്ചാര കേന്ദ്രങ്ങളിലെ ഫലപ്രദമായ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ" എന്ന വിഷയം സംബന്ധിച്ച് പരിസ്ഥിതി, വിനോദസഞ്ചാരം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയുണ്ടായി. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ്, വിനോദ സഞ്ചാര വകുപ്പ്, വിശദമായ മറുപടി ലഭ്യമാക്കുന്ന മുറയ്ക്ക് യോഗം ചേർന്ന് പ്രസ്തുത വിഷയം വീണ്ടും ചർച്ച ചെയ്യുവാൻ സമിതി തീരുമാനിച്ചു.

അദ്ധ്യായം V

## നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

| സാമ്പത്തിക വർഷം | ധനാഭ്യർത്ഥന നമ്പർ | ബന്ധപ്പെട്ട വകുപ്പ് | സഭയുടെ മേശപ്പുറത്ത് വച്ച തീയതി |
|---|---|---|---|
| 2018-'19 | XXXIV - വനം | വനം വന്യജീവി വകുപ്പ് | 13-11-2019 |
| 2018-'19 [കാലതാമസ പത്രിക സഹിതം] | XVII - വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം<br>XX-ശുദ്ധജല വിതരണവും ശുചീകരണവും | പരിസ്ഥിതി വകുപ്പ് | 13-11-2019 |
| 2018-'19 [കാലതാമസ പത്രിക സഹിതം] | XLII - വിനോദ സഞ്ചാരം | വിനോദസഞ്ചാര വകുപ്പ് | 13-11-2019 |

അദ്ധ്യായം VI

## ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച ശിപാർശകളിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ടിന്റെ സംഗ്രഹം

എ) 2019-2020 സാമ്പത്തികവർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ആകെ 30 ശിപാർശകളിൽ, പരിസ്ഥിതി വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക നമ്പർ 8 മുതൽ 16 വരെയുള്ള ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമായിട്ടുണ്ട്. വനം വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക നമ്പർ 1 മുതൽ 7 വരെയുള്ള ശിപാർശകളിന്മേലും വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട 17 മുതൽ 30 വരെയുള്ള ശിപാർശകളിൻമേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ ലഭിച്ചിട്ടില്ല.

**ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻവർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ**

**സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ**

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള എല്ലാ നടപടി സ്റ്റേറ്റ്മെന്റുകളും ലഭ്യമായിട്ടുണ്ട്.

<u>അദ്ധ്യായം VII</u>

## സമിതിയുടെ പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ

1) സമിതിയുടെ "വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ ശാക്തീകരണം" എന്ന വിഷയത്തിന്മേലുള്ള പ്രത്യേക റിപ്പോർട്ടിൽ ആകെ 25 ശിപാർശകളാണ് ഉണ്ടായിരുന്നത്. പ്രസ്തുത ശിപാർശകൾ വനം വന്യജീവി വകുപ്പുമായും, വിനോദസഞ്ചാര വകുപ്പുമായും ബന്ധപ്പെട്ടതാണ്. ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ പരിഗണനയ്ക്കായി ലഭ്യമായിട്ടില്ല.

2) സമിതിയുടെ "വന്യജീവി ആവാസകേന്ദ്രങ്ങളുടെ സമഗ്രവികസനം" എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിൽ വനംവന്യജീവി വകുപ്പുമായി ബന്ധപ്പെട്ട 15 ശിപാർശകളാണുള്ളത്. പ്രസ്തുത ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ പരിഗണനയ്ക്കായി ലഭ്യമായിട്ടില്ല.

കെ. രാജു,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
2020 ജൂലൈ 22.

<u>അനുബന്ധം</u>

## 25-6-2019-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട്കമ്മിറ്റി X, 2019 ജൂൺ 25-ാം തീയതി ചൊവ്വാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 6.15-ന് നിയമസഭാ സമുച്ചയത്തിലെ '4-എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. രാജുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗം ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. ബി.ഡി. ദേവസ്സി, എം. എൽ. എ.
2. ശ്രീ. സണ്ണി ജോസഫ്, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. ആർ. വേണുഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ഡോ. ഉഷാ ടൈറ്റസ്, പ്രിൻസിപ്പൽ സെക്രട്ടറി, പരിസ്ഥിതി & ഉന്നതവിദ്യാഭ്യാസ വകുപ്പ്
2. ശ്രീ. പി. ബാലകിരൺ, ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്
3. ശ്രീ. സുരേന്ദ്രകുമാർ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്), വനംവന്യജീവി വകുപ്പ്
4. ശ്രീ. എ. കെ. ധർണി, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ് മാനേജ്മെന്റ്), വനംവന്യജീവി വകുപ്പ്
5. ശ്രീ. എസ്. ഗോപാലകൃഷ്ണൻ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫിനാൻസ്, ബഡ്ജറ്റ് & ആഡിറ്റ്), വനംവന്യജീവി വകുപ്പ്
6. ശ്രീ. ഇ. പ്രദീപ് കുമാർ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് , വനംവന്യജീവി വകുപ്പ്
7. ശ്രീ. ബി. എസ്. പ്രകാശ്, ജോയിന്റ് സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്.
8. ശ്രീ. പ്രസന്നകുമാർ. വി.ഡി, ജോയിന്റ് സെക്രട്ടറി, (കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി) പരിസ്ഥിതി വകുപ്പ്.

സമിതിയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 1 മുതൽ 7 വരെയുള്ള ശിപാർശകൾക്ക് വനംവന്യജീവി വകുപ്പും 8 മുതൽ 10 വരെയുള്ള ശിപാർശകൾക്ക് പരിസ്ഥിതി വകുപ്പും 11 മുതൽ 24 വരെയുള്ള ശിപാർശകൾക്ക് വിനോദസഞ്ചാര വകുപ്പും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. ഇതോടൊപ്പം പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റുകൾ ഉൾപ്പെടുത്തി തയ്യാറാക്കിയ "2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ടിന്റെ കരടും" സമിതിയുടെ 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരടും സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടുകൾ 2019 ജൂൺ 27-ാം തീയതി സഭയിൽ സമർപ്പിക്കുവാനും സമിതി തീരുമാനിച്ചു.

തുടർന്ന്, വന്യമൃഗശല്യം തടയുന്നതിനായി കഴിഞ്ഞവർഷം അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കാത്തതിന്റെ കാരണം സമിതി ആരായുകയും, സമിതി അംഗങ്ങൾ സഭയിൽ ഉന്നയിച്ച പ്രസ്തുത വിഷയത്തിൽ കുറച്ചുകൂടി കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതാണെന്ന് സമിതി ചൂണ്ടിക്കാട്ടുകയും ചെയ്തു.

നബാർഡിൽ നിന്നും വന്യമൃഗശല്യം തടയുന്നതിനായി അനുവദിച്ച 50 കോടി രൂപയിൽ 20 കോടി ചെലവഴിച്ചിട്ടുണ്ടെന്നും മറ്റ് എല്ലാ ശീർഷകങ്ങളിലും ലഭ്യമായ തുകയുടെ 95% തുകയും ചെലവഴിച്ചിട്ടുണ്ടെന്നും, കിഫ്ബിയിൽ നിന്നും 100 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും, വയനാട് ജില്ലയിലെ മുത്തങ്ങയിൽ 10 km ദൂരത്തിൽ 14 കോടി രൂപ മുടക്കി നിർമ്മിക്കുന്ന ആനവേലിയുടെ നിർമ്മാണം മൂന്ന് മാസത്തിനകം പൂർത്തിയാകുമെന്നും വനം വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു കണ്ണൂർ ജില്ലയിൽ നിർമ്മിച്ചുകൊണ്ടിരുന്ന ആനവേലിയിൽ ബാക്കിയുണ്ടായിരുന്ന രണ്ടര കിലോമീറ്റർ വേലിയുടെ നിർമ്മാണം ഏതുവരെയായി എന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത പ്രവർത്തി പൂർത്തിയാക്കുന്നതിന് നബാർഡിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടെന്നും, സർക്കാരിൽ നിന്നും ടെക്നിക്കൽ അനുമതി ലഭിക്കുവാനുണ്ടെന്നും, ആയത് ലഭിച്ചാലുടൻ പണി പൂർത്തിയാക്കുന്നതാണെന്ന് വനം വന്യജീവി വകുപ്പ് ഉദ്യോഗസ്ഥൻ മറുപടി നൽകി.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ആറളം ഫാമിന്റെ ട്രൈബൽ റീസെറ്റിൽമെന്റ് ആന്റ് ഡെവലപ്മെന്റ് മിഷന്റെ ഫണ്ട് ആനവേലി നിർമ്മാണത്തിനായി നൽകാമെന്ന് ബഹു. മന്ത്രി അറിയിച്ചിരുന്നുവെന്നും ആയതിൻ പ്രകാരം എസ്.റ്റി/വനം വകുപ്പുകളുടെ ഫണ്ട്, എം.എൽ.എ. ഫണ്ട്, എം.പി ഫണ്ട് എന്നിവ

ക്ലബ് ചെയ്ത് നടപ്പാക്കേണ്ട 27 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി മുൻ കണ്ണൂർ ജില്ലാകളക്ടർ സമർപ്പിച്ചിരുന്നുവെന്നും, എന്നാൽ ഒരു പ്രത്യേക സ്ഥലത്തിനുവേണ്ടിയുള്ള പ്രോജക്ട് നടപ്പിലാക്കാൻ വിവിധ വകുപ്പുകളുടെ ഫണ്ടുകൾ ക്ലബ് ചെയ്യുവാൻ കഴിയുമോ എന്ന കാര്യത്തിൽ വ്യക്തതയില്ലെന്നും, ഇതിനായി നിയമം, വനം, റവന്യൂ എന്നീ വകുപ്പുമന്ത്രിമാരുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും സംയുക്തയോഗം വിളിക്കണമെന്നും സമിതി അംഗം അഭിപ്രായപ്പെട്ടു. ആനവേലിയുടെ പുനർനിർമ്മാണം, നവീകരണം എന്നിവ ഉൾക്കൊള്ളുന്ന പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്ന് വനം വകുപ്പുദ്യോഗസ്ഥർ അറിയിച്ചു. ഈ വിഷയത്തിൽ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി നടപ്പുസമ്മേളനം അവസാനിക്കുന്നതിനുമുമ്പ് വിശദമായ ചർച്ച നടത്തി തീരുമാനം കൈക്കൊള്ളാമെന്ന് സമിതി ചെയർമാൻ ഉറപ്പുനൽകുകയുണ്ടായി.

## സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയലുകൾ

I. വനം വകുപ്പ് ഉദ്യോഗസ്ഥർ കൃത്യവിലോപം നടത്തിയ പ്രദേശങ്ങൾ സമിതി നേരിട്ട് സന്ദർശിച്ച് ആവശ്യമായ നടപടികൾക്ക് ശിപാർശ ചെയ്യണമെന്നാവശ്യപ്പെട്ട് ബഹു. സമിതി അംഗം ശ്രീ. എസ്. രാജേന്ദ്രൻ, എം.എൽ.എ. സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 3402/സബ്.സി.എഫ്1/19/നി. സെ.)

പ്രസ്തുത ഫയലിന്മേൽ സമിതിയുടേതായ തുടർനടപടികൾ ആവശ്യമില്ലെന്നും, പ്രസ്തുത ഹർജി തുടർനടപടികൾക്കായി വനം വകുപ്പ് മന്ത്രിക്ക് കൈമാറാനും സമിതി ചെയർമാൻ നിർദ്ദേശിച്ചു.

II. ബഹു. സ്പീക്കറുടെ 12-6-2019-ലെ റൂളിംഗ് തുടർ നടപടി റിപ്പോർട്ട് നൽകുന്നത് സംബന്ധിച്ച്.

(ഫയൽ നമ്പർ 3366/സബ്.സി.എഫ്1/19/നി.സെ.)

സമിതി ചെയർമാൻ ടി വിഷയം യോഗത്തിൽ ഹാജരായിരുന്ന വകുപ്പുസെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി.

സമിതിയോഗം വൈകുന്നേരം 6.30-ന് പിരിഞ്ഞു.

## 29-7-2019-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2019 ജൂലൈ 29-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വനവും

മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ കടകംപള്ളി സുരേന്ദ്രനും സമിതി അംഗം ശ്രീ. എസ്. രാജേന്ദ്രനും ഹാജരായിരുന്നു.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീമതി മഞ്ജു വർഗ്ഗീസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. വേണുഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ടി. എസ്. പ്രേമാനന്ദ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീമതി റാണി ജോർജ്, സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്
2. ശ്രീ. പി. ബാലകിരൺ, ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്
3. ശ്രീ. വി. എസ്. സതീഷ്, പ്ലാനിംഗ് ഓഫീസർ, വിനോദസഞ്ചാര വകുപ്പ്.

സമിതി, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം "കേരളത്തിലെ ടൂറിസം വികസനത്തിന് സാധ്യതയുള്ള പുതിയ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുള്ള പഠനം" എന്ന വിഷയത്തിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചുവടെ ചേർക്കുംപ്രകാരം ചർച്ച നടത്തുകയുണ്ടായി.

മേൽ വിഷയത്തിന്മേൽ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതി കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളെക്കുറിച്ചും ഒരു പ്രദേശത്തെ അപ്രകാരം തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡത്തെക്കുറിച്ചും ആരാഞ്ഞു.

നിലവിൽ കേരളത്തിലെ 68 കേന്ദ്രങ്ങളെ ടൂറിസം ഡെസ്റ്റിനേഷനുകളായി പ്രഖ്യാപിച്ചിട്ടുണ്ടെന്നും ഏകദേശം 10-20 വർഷങ്ങൾക്ക് മുമ്പാണ് ടൂറിസം ഡെസ്റ്റിനേഷനുകളെ പ്രഖ്യാപിച്ചുകൊണ്ടുള്ള ഉത്തരവിറക്കിയതെന്നും പ്രസ്തുത ഉത്തരവിൻ പ്രകാരമാണ് ടൂറിസം ഡെസ്റ്റിനേഷനുകളുടെ ലിസ്റ്റ് എടുത്തിരിക്കുന്നതെന്നും ഡെസ്റ്റിനേഷനുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് 2011-ൽ സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടെന്നും, അതിനുശേഷം പുതിയ സർക്കാർ ഉത്തരവുകളൊന്നും ഇറങ്ങിയിട്ടില്ലെന്നും വളരെക്കാലം മുമ്പുള്ള ഉത്തരവ് പ്രകാരം ലിസ്റ്റ് എടുത്തതിനാലും വിവരങ്ങൾ വളരെ പെട്ടെന്ന് ശേഖരിച്ചതിനാലും എല്ലാ സ്ഥലങ്ങളും സമിതിക്ക് സമർപ്പിച്ച റിപ്പോർട്ടിൽ ഉൾപ്പെടുത്തുവാൻ സാധിച്ചില്ലെന്നും (പത്തനംതിട്ട ജില്ലയിലെ ഗവിയും ഇടുക്കി ജില്ലയിലെ വാഗമണും ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല) വിശദമായ റിപ്പോർട്ട് താമസംവിനാ ലഭ്യമാക്കുന്നതാണെന്നും ടൂറിസം സെക്രട്ടറി ആമുഖമായി വ്യക്തമാക്കി.

ഒരു സ്ഥലത്തെ ടൂറിസം ഡെസ്റ്റിനേഷനായി തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് സ്ഥലത്തിന്റെ ടൂറിസം സാധ്യതയാണെന്നും, ലൊക്കേഷൻ, പ്രകൃതിദത്തമോ മനുഷ്യനിർമ്മിതമോ ആയ ആകർഷണങ്ങൾ, ഇൻഫ്രാസ്ട്രക്ച്ചർ, ടൂറിസ്റ്റുകളുടെ എണ്ണം, സുരക്ഷിതത്വം, താമസസൗകര്യം, ഗതാഗത വാർത്താവിനിമയ സൗകര്യം തുടങ്ങിയ മാനദണ്ഡങ്ങളാണ് 2011-ൽ പുറപ്പെടുവിച്ച ഉത്തരവിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും, ഈ ഉത്തരവുപ്രകാരം വകുപ്പ് കണ്ടെത്തിയ സ്ഥലങ്ങൾ പരിശോധിച്ച ശേഷം ആവശ്യമുള്ള പക്ഷം കൂടുതൽ സ്ഥലങ്ങൾ ഉൾപ്പെടുത്തുകയോ ഒഴിവാക്കുകയോ ചെയ്യാവുന്നതാണെന്നും എന്നാൽ വകുപ്പ് ഇതുവരെ ഇത്തരത്തിലൊരു പരിശോധന നടത്തിയിട്ടില്ലെന്നും ടൂറിസം സെക്രട്ടറി അറിയിച്ചു

ടൂറിസം ഡെസ്റ്റിനേഷനുകളായി പ്രഖ്യാപിച്ച കേന്ദ്രങ്ങളേയും പുതിയതായി ടൂറിസം കേന്ദ്രങ്ങളായി വികസിപ്പിച്ചെടുക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളവയെയും മാനദണ്ഡപ്രകാരം വിലയിരുത്തിയതിനുശേഷം ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ സംബന്ധിച്ച പുതിയ ഉത്തരവ് ഇറക്കുന്നത് നന്നായിരിക്കുമെന്ന് വകുപ്പ് സെക്രട്ടറി അഭിപ്രായപ്പെട്ടു

നിലവിലുള്ള ഡെസ്റ്റിനേഷനുകൾ നിലനിർത്തിക്കൊണ്ടും പുതിയവ സംബന്ധിച്ച് സാദ്ധ്യതാ പഠനം നടത്തിക്കൊണ്ടും ഇനിയൊരു ഉത്തരവ് ഇറക്കിയാൽ പുതിയതും പഴയതുമായവയെ സംബന്ധിച്ച് വ്യക്തതയുണ്ടാകുമെന്നും, അതിന് അടിസ്ഥാന സൗകര്യങ്ങളെ സംബന്ധിച്ചും വരുമാനം എവിടെ നിന്നെല്ലാം കിട്ടുന്നുവെന്നത് സംബന്ധിച്ചുമുള്ള വിശദമായ വിവരങ്ങൾ ആവശ്യമാണെന്നും, ആയത് സമിതിക്ക് വിശദമായ റിപ്പോർട്ടാക്കി ലഭ്യമാക്കണമെന്നും പ്രസ്തുത റിപ്പോർട്ട് കിട്ടിയ ശേഷം ഈ വിഷയം ഒരിക്കൽ കൂടി ചർച്ച ചെയ്യാമെന്നും, പ്രസ്തുത യോഗത്തിലേയ്ക്ക് വനം വകുപ്പ് ഉദ്യോഗസ്ഥരെ കൂടി പങ്കെടുപ്പിക്കുന്നത് ഉചിതമായിരിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു

ഇക്കോ ടൂറിസം സെന്ററുകൾ നടത്തുന്നത് വനം വകുപ്പാണോയെന്ന് സമിതി ആരാഞ്ഞതിന്, തെന്മലയിലുള്ള സെന്റർ ഒരു പ്രത്യേക സൊസൈറ്റിയുടെ കീഴിലാണ് പ്രവർത്തിക്കുന്നതെന്നും, ചില സ്ഥലങ്ങളിൽ വനം വകുപ്പിന്റെ കീഴിൽ വനസംരക്ഷണ സമിതികളുടെ മേൽനോട്ടത്തിലാണ് പ്രവർത്തികൾ നടത്തുന്നതെന്നും, പല സ്ഥലങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചിട്ടുള്ളത് ടൂറിസം വകുപ്പാണെങ്കിലും നോക്കി നടത്തുന്നത് വനം വകുപ്പാണെന്നും, അതുകൊണ്ട് വനത്തിനുള്ളിലെ വിനോദസഞ്ചാര സാദ്ധ്യതയുള്ള പല സ്ഥലങ്ങളും വനം വകുപ്പ് കണ്ടെത്തി വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തി ഫണ്ട് നൽകി വരുന്നുണ്ടെന്നും ടൂറിസം സെക്രട്ടറി വ്യക്തമാക്കി.

ആനസവാരി ഒരു ടൂറിസം ആകർഷണമാണ് എന്ന് അഭിപ്രായപ്പെട്ട സമിതി മൂന്നാറിലെ മീശപ്പുലിമലയിൽ സ്വകാര്യ വ്യക്തികളുടെ അധീനതയിൽ നടത്തിയിരുന്ന

ആനസവാരി കളക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിർത്തി വച്ച കാര്യം ടൂറിസം ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. പരിസ്ഥിതി ആഘാതമൊന്നും സൃഷ്ടിക്കുന്നില്ല എങ്കിൽ പോലും വനമേഖലയിലും സമാനപ്രദേശങ്ങളിലും കേബിൾകാർ, zipline സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് അനുമതി നിഷേധിക്കുന്ന കാര്യവും സമിതി ചൂണ്ടിക്കാട്ടി. കൂടാതെ വനമേഖലയിലെത്തുന്ന വിനോദസഞ്ചാരികളുടെ വാഹനങ്ങളുടെ പാർക്കിംഗിന് അനുമതി നൽകാത്തതും അതിനുള്ള പകരം സൗകര്യം ഒരുക്കാത്തതും ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തെ പ്രതികൂലമായി ബാധിക്കുന്ന കാര്യമാണെന്നും സമിതി വിലയിരുത്തി. റവന്യൂ വരുമാനം ലഭിക്കുന്ന ടൂറിസം ഡെസ്റ്റിനേഷനായ ഇടുക്കിയിലെ മൂന്നാറിൽ സഞ്ചാരികൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ചില തടസ്സങ്ങളുണ്ടെന്നും പൊതുവഴിയിൽ കൂടി വന്യജീവികൾ സഞ്ചരിക്കുന്നതിനാൽ ഇത്തരം സ്ഥലങ്ങൾക്ക് എൻ.ഒ.സി. നൽകാതിരിക്കുന്ന സ്ഥിതിവിശേഷം ഉണ്ടെന്നും സമിതി ചൂണ്ടിക്കാട്ടി.

വരുമാനം ലഭിക്കുന്ന ടൂറിസം ഡെസ്റ്റിനേഷനുകളിലെ ടിക്കറ്റിംഗ്, ബോട്ടിംഗ്, ലീസിന് കൊടുക്കൽ എന്നിവയിൽ നിന്നാണ് പ്രധാനമായും വരുമാനം ലഭിക്കുന്നതെന്നും എന്നാൽ ഇപ്രകാരം വരുമാനം ലഭിക്കുന്ന തെന്മല ഇക്കോ ടൂറിസം കേന്ദ്രത്തെ ലിസ്റ്റിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ലെന്നും സമിതി ചൂണ്ടിക്കാട്ടി.

വയനാട് ജില്ലയിലെ പ്രധാനപ്പെട്ട ഡെസ്റ്റിനേഷൻ സെന്ററായ കുറുവാ ദ്വീപ് ഉൾപ്പെടെയുള്ള ചില ഡെസ്റ്റിനേഷൻ സെന്ററുകൾ ബഹു. ഹൈക്കോടതി ഉത്തരവു പ്രകാരം അടച്ചുപൂട്ടിയെന്നും, പരിസ്ഥിതി/വനം വകുപ്പുകളുടെ ക്ലിയറൻസ് എടുത്തിട്ടില്ലെന്നതാണ് അടച്ചുപൂട്ടുവാനുള്ള കാരണമെന്നാണ് മനസ്സിലാക്കുന്നതെന്നും, അടച്ചുപൂട്ടിയ പ്രസ്തുത സെന്ററുകൾ തുറക്കുന്നതിനാവശ്യമായ നടപടികൾ വനം വകുപ്പിന്റെ ഭാഗത്തുനിന്നും സ്വീകരിക്കുവാൻ കഴിയുമോയെന്ന് പരിശോധിക്കേണ്ടതാണെന്നും ടൂറിസം സെക്രട്ടറി അഭിപ്രായപ്പെട്ടു.

കുറുവാ ദ്വീപിലേയ്ക്ക് വരുന്ന സഞ്ചാരികളുടെ എണ്ണം അവിടത്തെ ആവാസ വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്ന എന്ന വസ്തുത നിലനിൽക്കെത്തന്നെ അടച്ചുപൂട്ടപ്പെട്ടതിനാൽ ടി ദ്വീപിലേയ്ക്കുള്ള സഞ്ചാരികളുടെ എണ്ണം കുറഞ്ഞത് പ്രദേശ വാസികളുടെ വരുമാനത്തെ സാരമായി ബാധിക്കുന്ന എന്നത് കണക്കിലെടുത്ത് കുറുവാ ദ്വീപിന്റെ ആവാസവ്യവസ്ഥയെ ഹനിക്കാത്ത രീതിയിൽ ദ്വീപിന് ഉൾക്കൊള്ളാനാകുന്ന ജനസാന്ദ്രത സംബന്ധിച്ച് പഠനം നടത്തേണ്ടതുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു. വിനോദസഞ്ചാരം തദ്ദേശവാസികളുടെ പ്രധാന വരുമാന മാർഗ്ഗമാണെന്നതിനാൽ കുറുവാ ദ്വീപ് ഉൾപ്പെടെ കേരളത്തിലെ അടച്ചുപൂട്ടപ്പെട്ട മറ്റ് ടൂറിസം സെന്ററുകളിലെ പോരായ്മകൾ പരിഹരിച്ച് മാനദണ്ഡപ്രകാരം തുറന്ന് പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ എല്ലാ

നടപടികളും സ്വീകരിക്കണമെന്നും അവയെ ടൂറിസം ഡെസ്റ്റിനേഷനായി പ്രഖ്യാപിക്കേണ്ടതുണ്ടെന്നും വകുപ്പുസെക്രട്ടറി ചൂണ്ടിക്കാട്ടി.

സമിതി ചർച്ച ചെയ്ത വിഷയത്തിന്മേൽ വിശദമായ റിപ്പോർട്ട് ലഭിച്ച ശേഷം അടുത്ത യോഗത്തിൽ ഇക്കാര്യത്തെക്കുറിച്ച് വിശദമായ ചർച്ച നടത്തി പ്രായോഗികമായ തീരുമാനങ്ങൾ കൈക്കൊള്ളാമെന്ന് സമിതി അഭിപ്രായപ്പെട്ടു. വിശദമായ റിപ്പോർട്ടുകൾ ഒരു മാസത്തിനകം ലഭ്യമാക്കാമെന്ന് ടൂറിസം സെക്രട്ടറി സമിതിക്ക് ഉറപ്പുനൽകുകയും ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 3.00 മണിക്ക് പിരിഞ്ഞു.

## 2019 ആഗസ്റ്റ് 27-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2019 ആഗസ്റ്റ് 27-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു.വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ.രാജുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും, സമിതി അംഗം ശ്രീ. എൽദോ എബ്രഹാമും ഹാജരായിരുന്നു.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി മഞ്ജു വർഗ്ഗീസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. വേണുഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. റ്റി.എസ്. പ്രേമാനന്ദ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. ടി.കെ. ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
2. ഡോ. ഉഷാ ടൈറ്റസ്, പ്രിൻസിപ്പൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ്.
3. ശ്രീമതി റാണി ജോർജ്, സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്.
4. ശ്രീമതി ലത സി.എ., കമ്മീഷണർ, ലാന്റ് റവന്യൂ കമ്മീഷണറേറ്റ്.
5. ശ്രീ. പി. ബാലകിരൺ, ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്.
6. ശ്രീ. ഫിലിപ്പ് പി.ഡി., ഡയറക്ടർ, ശുചിത്വമിഷൻ.

7. ശ്രീ. ബി.എസ്. ജയകുമാർ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

8. ഡോ. മിത്ര റ്റി., അഡീഷണൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

9. ശ്രീമതി ഇന്ദുകല പി., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

10. ഡോ. ഉമ്മുസെൽമ സി., ജോയിന്റ് ഡയറക്ടർ (ആരോഗ്യ വകുപ്പ്), ഡയറക്ടറേറ്റ് ഓഫ് അർബൻ അഫയേഴ്സ്.

11. ശ്രീമതി ജോസ്നമോൾ എസ്., ജോയിന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത്സ്.

12. ശ്രീ. അജിത് ഹരിദാസ്, ചെയർമാൻ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്.

13. ശ്രീ. ഹരികുമാർ കെ., സെക്രട്ടറി, കൊല്ലം കോർപ്പറേഷൻ.

14. ശ്രീ. ജെ. മുഹമ്മദ് ഷാഫി, സെക്രട്ടറി, കോട്ടയം മുനിസിപ്പാലിറ്റി.

15. ശ്രീ. രാഹേഷ് കുമാർ, അഡീഷണൽ സെക്രട്ടറി, കൊച്ചിൻ കോർപ്പറേഷൻ.

16. ശ്രീമതി ശ്രീകല എസ്., മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്.

17. ശ്രീ. മാലിൻ എം., സെക്രട്ടറി, ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിൽ, ആലപ്പുഴ.

18. ശ്രീമതി ജയകുമാരി പി.വി., കോ-ഓർഡിനേറ്റർ, ശുചിത്വ മിഷൻ, ആലപ്പുഴ.

കായൽത്തീര വിനോദസഞ്ചാര കേന്ദ്രങ്ങളെ പരിപോഷിപ്പിക്കാൻ കായൽതീരം മാലിന്യമുക്തമായി സംരക്ഷിക്കേണ്ടതുണ്ട്. കായലോര മേഖലകളിലെ വിനോദസഞ്ചാരകേന്ദ്രങ്ങൾ മലിനീകരണ ഭീഷണി നേരിടുന്ന സാഹചര്യത്തിലാണ് മാലിന്യനിർമ്മാർജ്ജനത്തിനായി ഫലപ്രദമായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സമിതി വിശദമായി ചർച്ച നടത്തുവാൻ തീരുമാനിച്ചത്. അതുപ്രകാരം സമിതി, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം "കേരളത്തിലെ കായൽത്തീര വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ഫലപ്രദമായ മാലിന്യനിർമ്മാർജ്ജനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ" എന്ന വിഷയത്തിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തുകയും തുടർന്ന് 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ടിന്മേലുള്ള കരട്ചട്ടം പരിശോധിച്ച് ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. ഇക്കാര്യങ്ങളിന്മേലുള്ള ചർച്ചയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I. 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ)ആക്ട്-കരട്ചട്ടം പരിഗണിക്കുന്നത് സംബന്ധിച്ച്

(ഫയൽ നമ്പർ 4595/സബ്.സി.എഫ്.1/2019/നി.സെ.)

മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിലാക്കി 2015-ൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചുവെങ്കിലും കരട് ചട്ടം തയ്യാറാക്കുവാൻ 4 വർഷത്തോളം സമയമെടുത്തുവെന്നും, ഇക്കാരണത്താൽ മലിനീകരണ നിയന്ത്രണ ബോർഡിൽ സ്ഥിര നിയമനം നടത്തുവാൻ സാധിച്ചിട്ടില്ലെന്നും, 2008-ലാണ് ഒരു അസിസ്റ്റന്റ് എഞ്ചിനീയറെ സ്ഥിരമായി നിയമിച്ചതെന്നും, 433 അംഗീകൃത ജീവനക്കാരിൽ, 327 ജീവനക്കാരും താൽക്കാലിക (കരാർ/ദിവസവേതനം) ജീവനക്കാരാണെന്നും, ഇത് ബോർഡിന്റെ കാര്യക്ഷമതയെ സാരമായി ബാധിക്കുന്നുണ്ടെന്നും, മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ സമിതി മുമ്പാകെ വ്യക്തമാക്കി.

"ഏതെങ്കിലും ഓണററി തസ്തികകളിൽ, അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക പ്രവർത്തന രംഗത്ത് വിശേഷ നൈപുണ്യമുള്ള ഒരാളുടെ സേവനം ലഭിക്കുന്നതിനായി ഏതെങ്കിലും പ്രത്യേക കരാറിലെ നിബന്ധനകളുടെയും ഉപാധികളുടെയും അടിസ്ഥാനത്തിൽ നിയമനം നൽകുന്ന ഏതെങ്കിലും തസ്തികയിൽ": എന്ന പറയുന്ന ഭാഗത്ത് സ്ഥിരം നിയമനമാണോ ഉദ്ദേശിക്കുന്നതെന്ന് സമിതി ആരാഞ്ഞതിന്, ഓണററി തസ്തികയിൽ സ്ഥിരം നിയമനമല്ല നടത്തുന്നതെന്നും, ഒരു പ്രത്യേക സ്കീമിന്റെ കീഴിലുള്ള തസ്തികകളിൽ നിയമനം നടത്താമെന്നാണ് അർത്ഥമാക്കുന്നതെന്നും പരിസ്ഥിതി വകുപ്പ് പ്രൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

പ്രസ്തുത കരട് ചട്ടം സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു

II."കേരളത്തിലെ കായൽതീര വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ഫലപ്രദമായ മാലിന്യനിർമ്മാർജ്ജനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ" എന്ന വിഷയം സംബന്ധിച്ച്

(ഫയൽ നമ്പർ 4300/സബ്.സി.എഫ്.1/2019/നി.സെ.)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം "കേരളത്തിലെ കായൽ തീര വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ഫലപ്രദമായ മാലിന്യനിർമ്മാർജ്ജനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ" എന്ന വിഷയത്തിന്മേൽ തയ്യാറാക്കിയ ചോദ്യാവലിക്ക് പരിസ്ഥിതി, വിനോദസഞ്ചാരം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ മറുപടി പരിശോധിക്കുകയും ചുവടെ ചേർക്കും പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തുകയും ചെയ്തു.

ചോദ്യാവലിയിലെ തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് മറുപടി ലഭ്യമാക്കാത്തതിന്റെ വിശദീകരണം സമിതി ആരായുകയുണ്ടായി. വിനോദസഞ്ചാര വകുപ്പിൽ നിന്നും ചോദ്യാവലിയുടെ പകർപ്പ് വളരെ വൈകിയാണ് ലഭിച്ചതെന്നും, വകുപ്പുമായി ബന്ധപ്പെട്ട മറുപടികൾ ശേഖരിക്കേണ്ടത് കായൽ ടൂറിസ്റ്റ് കേന്ദ്രങ്ങളായ തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, മലപ്പുറം ജില്ലകളിലെ തദ്ദേശസ്വയഭരണ സ്ഥാപനങ്ങളിൽ നിന്നായതിനാൽ സമയക്കുറവുമൂലം വ്യക്തമായ വിവരശേഖരണത്തിന് സാധിച്ചില്ലെന്നും, ലഭ്യമായ മറുപടി തൃപ്തികരമായി തോന്നാത്തതിനാലാണ് സമിതിയിൽ സമർപ്പിക്കാത്തതെന്നും, വിശദമായ മറുപടി ലഭ്യമാക്കാൻ സമയം ആവശ്യമാണെന്നും സമിതിക്ക് വിവരങ്ങൾ ലഭ്യമാക്കുന്നതിന് പ്രധാനപ്പെട്ട കായൽ ടൂറിസം കേന്ദ്രങ്ങളുടെ സെക്രട്ടറിമാരൾപ്പെടെയുള്ള ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ യോഗത്തിൽ ഹാജരായിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

കായലോര മേഖലകളിൽ ടൂറിസവുമായി ബന്ധപ്പെട്ട് നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകുമ്പോൾ മാലിന്യ സംസ്കരണ നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ടെന്നും, മിക്ക കെട്ടിടങ്ങളും റസിഡൻഷ്യൽ ബിൽഡിംഗുകളായി പണിതശേഷം ഹോം സ്റ്റേകളാക്കി മാറ്റുന്നതിനാൽ, നിർമ്മാണ ഘട്ടത്തിൽ മാലിന്യനിർമ്മാർജ്ജനത്തിനുള്ള സംവിധാനങ്ങൾ ഉൾപ്പെടുത്തുവാൻ സാധിക്കാറില്ലെന്നും, ഹോട്ടലുകൾ / റിസോർട്ടുകൾ മുതലായ വാണിജ്യാടിസ്ഥാനത്തിലുള്ള നിർമ്മാണങ്ങളിൽ ഖര/ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഉൾപ്പെടുത്തിയാൽ മാത്രമേ പെർമിറ്റ് നൽകാറുള്ളുവെന്നും കായലോരത്തുള്ള എല്ലാ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും, ഖരമാലിന്യശേഖരണ സംവിധാനം ഒരുക്കുന്നുണ്ടെങ്കിലും അവ പൂർണ്ണമല്ലെന്നും ഒഴുകിനടക്കുന്ന മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാൻ സാധിക്കാറില്ലെന്നത്, വലിയ പോരായ്മയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഉറവിട മാലിന്യസംസ്കരണം നടത്തുന്ന കോട്ടയം ജില്ലയിൽ, ഖരമാലിന്യം മാത്രമാണ് സംസ്കരിക്കുന്നതെന്നും, നിലവിലുള്ള നിയമമനുസരിച്ച് പഞ്ചായത്തിനോ നഗരസഭകൾക്കോ വഞ്ചിവീടുകൾക്കും മറ്റ് ബോട്ടുകൾക്കും ലൈസൻസിംഗ് ഏർപ്പെടുത്തുവാൻ സാധിക്കില്ലെന്നും, പഞ്ചായത്ത് രാജ്, നഗരപാലിക നിയമത്തിലും കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ്, കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസ് എന്നിവയിലും സമഗ്രമായ ഭേദഗതികൾ വരുത്തിയാൽ മാത്രമേ ഈ വിഷയത്തിന് പരിഹാരം കാണുവാൻ സാധിക്കുകയുള്ളുവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ആലപ്പുഴയിൽ, സെപ്റ്റേജ് ട്രീറ്റ്മെന്റിനായി ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിൽ ഓപ്പറേറ്റ് ചെയ്യുന്ന ഒരു പ്ലാന്റുണ്ടെങ്കിലും ഇപ്പോൾ അത്

പ്രവർത്തനക്ഷമമല്ലെന്നും, ആലപ്പുഴയിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് സെപ്റ്റിക് ടാങ്ക് ഘടിപ്പിക്കാത്ത ടോയ്റ്റുകളുള്ള അനേകം ബോട്ടുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നും, ഇതുമൂലമുണ്ടാകുന്ന മലിനീകരണം ഒഴിവാക്കുന്നതിനായി വഞ്ചിവീടുകളിലും മറ്റ് ബോട്ടുകളിലും സെപ്റ്റിക് ടാങ്ക് ഘടിപ്പിക്കുകയും അവ കരയിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ കൊണ്ടുവന്ന് ഇവാക്വേറ്റ് ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്നും, തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ചെലവിനെപ്പറ്റി സമിതി ആരായുകയുണ്ടായി. സ്ഥാപിക്കുന്ന യൂണിറ്റിന്റെ കപ്പാസിറ്റി അനുസരിച്ചാണ് ചെലവ് വരുന്നതെന്നും, ആലപ്പുഴയിൽ 'അമൃത് 'പദ്ധതി വഴി സ്ഥാപിച്ച 10KLD ശേഷിയുള്ള ഒരു യൂണിറ്റിന് 30 ലക്ഷം രൂപയിൽ താഴെയാണ് ചെലവായതെന്നും, ചെറിയ രീതിയിലുള്ള ഒരു സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് കുറഞ്ഞത് 50 സെന്റ് സ്ഥലമെങ്കിലും ആവശ്യമാണെന്നും, സ്ഥലം ലഭിക്കാത്തതും പ്ലാന്റ് സ്ഥാപിക്കുന്നതിനെതിരെയുള്ള പൊതുജനങ്ങളുടെ പ്രതിഷേധവും കാരണമാണ് ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കുവാൻ കഴിയാത്തതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പല സ്ഥലങ്ങളിലെയും കായലിലേയ്ക്ക് ചേരുന്ന കനാലുകളിലൂടെ ആളുകൾ മലിനജലം ഒഴുക്കിവിടുന്നുണ്ടെന്നും ഇത് തടയുന്നതിനായി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കേണ്ടതുണ്ടെന്നും, കായലോരങ്ങളിലെ സെപ്റ്റിക് ടാങ്കുകൾ ഇല്ലാത്ത ടോയ്ലറ്റുകൾ സെപ്റ്റിക് ടാങ്ക് ഉള്ളവയാക്കുന്നതിന് ശുചിത്വ മിഷൻ വഴി "Open Defecation Free" കാമ്പയിനിന്റെ ഭാഗമായി ധനസഹായം നൽകിയിട്ടുണ്ടെന്നും, ഇപ്പോഴും അത്തരത്തിലുള്ള ടോയ്ലറ്റുകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും, തിരുവനന്തപുരം ജില്ലയിലെ കിള്ളിയാറിന്റെ കരകളിലെ സെപ്റ്റിക് ടാങ്കില്ലാത്ത ടോയ്ലറ്റുകൾക്കായി ഇത്തരത്തിലുള്ള ഒരു പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടെന്നും, ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി, ബോട്ടുകളിലെ പ്ലാസ്റ്റിക്, ജൈവ/അജൈവ മാലിന്യങ്ങൾ വെവ്വേറെ ശേഖരിച്ചാൽ പ്രസ്തുത മാലിന്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നിർമ്മാർജ്ജനം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമെന്നും എന്നാൽ ഇത്തരം മാലിന്യങ്ങൾ ബോട്ടുകളിൽ നിന്ന് കായലിലേയ്ക്ക് വലിച്ചെറിയുന്നത് തടയാൻ നിലവിലുള്ള നിയമത്തിൽ വ്യവസ്ഥയില്ലെന്നും ഇത് സംബന്ധിച്ച് വിശദമായ മറുപടിയും ചോദ്യാവലിയിൽ തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്കുള്ള വ്യക്തമായ മറുപടിയും ഒരാഴ്ചയ്ക്കകം നൽകാമെന്നും അദ്ദേഹം വ്യക്തമാക്കി.

തുടർന്ന്, ചോദ്യാവലിയിന്മേൽ ടൂറിസം വകുപ്പ് ലഭ്യമാക്കിയ മറുപടി സമിതി പരിശോധിക്കുകയുണ്ടായി.

കുമരകത്തെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, യാർഡിൽ നിന്ന് കുറച്ചകലെയാണെന്നതിനാൽ മാലിന്യശേഖരണം ഫലവത്താകുന്നില്ല എന്ന പരാതി സംബന്ധിച്ച് സമിതി വിശദീകരണം തേടുകയുണ്ടായി. യാർഡിൽ നിന്നുള്ള ദൂരക്കൂടുതൽ മാലിന്യശേഖരണത്തിനും ആയത് പ്ലാന്റിൽ എത്തിക്കുന്നതിനും തടസ്സമായിട്ടില്ലെന്ന് വിനോദസഞ്ചാര വകുപ്പ് സെക്രട്ടറി മറുപടി നൽകിയപ്പോൾ ബോട്ടുകളിൽ നിന്ന് വളരെ ദൂരത്തേയ്ക്ക് മാലിന്യം പമ്പ് ചെയ്ത് എത്തിക്കുന്നതിന് ഹോസ് ആവശ്യമായതിനാൽ, പല ബോട്ടുകളും മാലിന്യം നിക്ഷേപിക്കാതിരിക്കുന്ന സ്ഥിതി വിശേഷം ഉള്ളതായി തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി. കുമരകത്തുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിലേക്ക് സ്വീവേജ് കൊണ്ടുവരുന്നത് ബാർജിലാണെന്നും, പ്രസ്തുത ബാർജിൽ പതിനയ്യായിരം ലിറ്റർ സ്വീവേജ് ശേഖരിച്ച് പ്ലാന്റിലെത്തിച്ച് സംസ്കരിക്കുന്നുണ്ടെന്നും മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ അറിയിച്ചു

ആലപ്പുഴയിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനം നിർത്തണമെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് ആവശ്യപ്പെടാനുള്ള കാരണം സമിതി ആരാഞ്ഞതിന്, പരിശോധനാ വേളയിൽ പ്രവർത്തനക്ഷമമല്ലാതെയും, വൈദ്യുതി ബന്ധം വിച്ഛേദിച്ച നിലയിലും തികച്ചും അശാസ്ത്രീയമായ രീതിയിലുമാണ് അവിടെ മാലിന്യ സംസ്കരണം നടത്തിയിരുന്നതെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തനം നിർത്തിവച്ചതെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ വ്യക്തമാക്കി.

കുമരകത്തെയും ആലപ്പുഴയിലെയും പ്ലാന്റുകൾ പ്രവർത്തിക്കുന്നത് വ്യത്യസ്ത ടെക്നോളജിയിലാണെന്നും ആലപ്പുഴയിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥിതി ചെയ്യുന്നത് H ബ്ലോക്കിലാണെന്നും, കരയിൽ നിന്ന് 2½ മണിക്കൂർ യാത്ര ചെയ്താൽ മാത്രം എത്താൻ കഴിയുന്ന വൈദ്യുത ലഭ്യത കുറവുള്ള പ്രസ്തുത സ്ഥലത്തേയ്ക്ക് കോട്ടയം ജില്ലയിൽ നിന്നാണ് വൈദ്യുതി ലഭ്യമാക്കുന്നതെന്നും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ പരിശോധനാവേളയിൽ വൈദ്യുതിയില്ലായിരുന്നതിനാൽ പ്ലാന്റിന്റെ പ്രവർത്തനം നിർത്തിവയ്ക്കാൻ ബോർഡ് ആവശ്യപ്പെട്ടതിൻ പ്രകാരം നിർത്തി വച്ചിരിക്കുകയാണെന്നും പ്രവർത്തനം നിർത്തിവയ്ക്കുന്നതുവരെ ബോട്ടുകൾ മാലിന്യം നിക്ഷേപിച്ചിരുന്നുവെന്നും, ഇപ്പോൾ ജില്ലാ കളക്ടർ ഇടപെട്ട് പ്ലാന്റ് അപ്ഗ്രേഡ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും അപ്ഗ്രേഡ് ചെയ്യാൻ കഴിയില്ലെന്നും പൊളിച്ചു മാറ്റണമെന്നതാണ് മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിലപാടെന്നും, ടൂറിസം വകുപ്പ് നൽകിയ 64 ലക്ഷം രൂപ ഉപയോഗിച്ച് ഹൗസ് ബോട്ട് ഓണേഴ്സ് നൽകിയ സ്ഥലത്താണ് പ്രസ്തുത പ്ലാന്റ് സ്ഥാപിച്ചിരിക്കുന്നതെന്നും, പ്ലാന്റിന്റെ ഓപ്പറേഷൻ മാത്രമാണ് ടൂറിസം പ്രൊമോഷൻ കൗൺസിൽ നടത്തുന്നതെന്നും ആലപ്പുഴ ടൂറിസം പ്രൊമോഷൻ കൗൺസിൽ സെക്രട്ടറി വ്യക്തമാക്കി.

പ്രസ്തുത പ്ലാന്റ് പ്രവർത്തിക്കുന്നത് നിലവാരം കുറഞ്ഞ Electrocoagulation എന്ന ടെക്നോളജിയിലാണെന്നും, പ്ലാന്റിന്റെ കപ്പാസിറ്റിയും, പ്രവർത്തന ക്ഷമതയും വളരെ കുറവാണെന്നും ആയതിനാൽ ആലപ്പുഴയിൽ ഒരു ആധുനിക സ്വീവേജ് /സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കണമെന്നും മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ അഭിപ്രായപ്പെട്ടപ്പോൾ ആലപ്പുഴയിൽ ആധുനിക രീതിയിൽ ഒരു പുതിയ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കേണ്ടത് അത്യാവശ്യമാണെന്നും, എന്നാൽ നിലവിലുള്ള പ്ലാന്റ് പ്രവർത്തിപ്പിക്കാതിരുന്നാൽ അത് കൂടുതൽ ദുരന്തത്തിന് കാരണമാകുമെന്നും, ആയതിനാൽ നിലവിലുള്ള പ്ലാന്റിന് പ്രവർത്തനാനുമതി നൽകുന്നതായിരിക്കും ഉചിതമെന്ന് സമിതി അറിയിച്ചു.

Electrocoagulation യൂണിറ്റിലെ അപാകത പരിഹരിക്കുന്നതിന് 26 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി താൽപ്പര്യപത്രം ക്ഷണിക്കുന്ന അവസരത്തിലാണ് പ്ലാന്റ് അടച്ചുപൂട്ടപ്പെട്ടതെന്ന് ടൂറിസം പ്രൊമോഷൻ കൗൺസിൽ സെക്രട്ടറി വ്യക്തമാക്കി.

വഞ്ചിവീടുകളിൽ നിന്നുള്ള മാലിന്യ സംസ്കരണത്തിനുള്ള പ്ലാന്റുകൾ സ്ഥാപിക്കുമ്പോൾ അവ ലാൻഡിംഗ് സ്ഥലത്തിനടുത്തോ, പാർക്കിംഗ് സ്ഥലത്തിനടുത്തോ സജ്ജമാക്കുന്നതാണ് ഉചിതമെന്നും H-ബ്ലോക്കിൽ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന സംവിധാനം സ്ഥാപിച്ചതുതന്നെ തെറ്റായ തീരുമാനമായിരുന്നുവെന്നും കുമരകത്ത് പ്രവർത്തിക്കുന്നതുപോലെയുള്ള ആധുനിക സംവിധാനങ്ങളുള്ള പ്ലാന്റ് നാട്ടുകാരെ വിശ്വാസത്തിലെടുത്തുകൊണ്ട് ആലപ്പുഴയിൽ സ്ഥാപിച്ചാൽ ദുർഗന്ധമോ മറ്റ് പ്രശ്നങ്ങളോ ഉണ്ടാകില്ലെന്നും 50 Cent സ്ഥലമുണ്ടെങ്കിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് 100 KLD ശേഷിയുള്ള പ്ലാന്റ് ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ കഴിയുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പ്രത്യാശ പ്രകടിപ്പിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വഞ്ചിവീടുകാരുമായി കൂടിയാലോചിച്ച് ആലപ്പുഴയിൽ പ്രസ്തുത പ്ലാന്റിനാവശ്യമായ സ്ഥലം കണ്ടെത്തുകയാണെങ്കിൽ പ്ലാന്റ് സ്ഥാപിക്കുന്നതിന് വിനോദസഞ്ചാര വകുപ്പും തയ്യാറാണെന്ന് ടൂറിസം വകുപ്പുമന്ത്രി വ്യക്തമാക്കി.

ആലപ്പുഴയിൽ 300 KLD കപ്പാസിറ്റിയുള്ള ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുകയാണെങ്കിൽ ബോട്ടുകളുടെ ഫിനിഷിംഗ് പോയിന്റ് മുതൽ ഹൗസ് ബോട്ടുകൾ പാർക്ക് ചെയ്യുന്ന പുന്നമടക്കായൽ വരെയുള്ള സ്ഥലത്ത് നാല് ടാങ്കുകൾ സ്ഥാപിച്ച് ബോട്ടുകൾ പാർക്കിംഗിനായി വരുന്ന സന്ദർഭങ്ങളിൽ മാലിന്യം ടാങ്കിലേക്ക് നിക്ഷേപിക്കുവാനും പ്രസ്തുത മാലിന്യം ബാർജിൽ കയറ്റി 8 കിലോമീറ്ററിനുള്ളിൽ

സ്ഥാപിക്കുന്ന 300 KLD ശേഷിയുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ കൊണ്ടുപോയി സംസ്കരിക്കുന്നതിന് സാധിക്കുമെന്നും മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ അഭിപ്രായപ്പെട്ടു.

8 കിലോമീറ്ററിനുള്ളിൽ പുതിയ പ്ലാന്റ് സ്ഥാപിക്കുന്നതിന് 50 സെന്റ് സ്ഥലം ആവശ്യമുണ്ടെന്നും നിലവിൽ അതിനുള്ള സ്ഥല സൗകര്യം അവിടെയില്ലെന്നുമുള്ള കാര്യം കൗൺസിലറുടെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് ഡി.റ്റി.പി.സി. ആലപ്പുഴ സെക്രട്ടറി അറിയിച്ചു. എന്നാൽ സ്ഥല സൗകര്യം ലഭ്യമല്ലെങ്കിൽ നിലവിലുള്ളത് മെച്ചപ്പെടുത്തുന്നതായിരിക്കും ഉചിതമെന്ന് ടൂറിസം ഡയറക്ടർ അഭിപ്രായപ്പെട്ടു.

നിലവിലെ സാഹചര്യത്തിൽ 8 km-നുള്ളിൽ 50 Cent സ്ഥലം ലഭിക്കുക ബുദ്ധിമുട്ടായതിനാൽ, 15 സെന്റിനകത്തുള്ള പ്രസ്തുത പ്ലാന്റിനെ ത്വരിതഗതിയിൽ ആധുനികവൽക്കരിക്കുകയും ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് 15 സെന്റിനകത്ത് പുതിയ പ്ലാന്റ് സ്ഥാപിക്കുകയും ചെയ്യുകയാണെങ്കിൽ ആലപ്പുഴയിലെ പ്രശ്നങ്ങൾക്ക് താൽക്കാലിക പരിഹാരമാകുമെന്ന് ടൂറിസം വകുപ്പുമന്ത്രി അഭിപ്രായപ്പെട്ടു.

മാലിന്യ നിർമ്മാർജ്ജനത്തിനുള്ള നിലവിലുള്ള നിർദ്ദേശങ്ങൾ പാലിക്കാത്ത ഹൗസ് ബോട്ട് ഉടമകളിൽ നിന്നും പിഴ ഈടാക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ടൂറിസം വകുപ്പിന് റഗുലേറ്ററി പവർ ഇല്ലാത്തതുകൊണ്ട് പിഴ ഈടാക്കാൻ കഴിയില്ലെന്നും മലിനീകരണ നിയന്ത്രണ ബോർഡിന് പിഴ ഈടാക്കാവുന്നതാണെന്നും വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ മറുപടി നൽകി. ആലപ്പുഴയിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ സ്വീവേജ് എത്തിക്കാത്ത ബോട്ടുകളിൽ നിന്നും പിഴ ഈടാക്കിയിരുന്നുവെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാനും അറിയിച്ചു.

കായൽ തീരങ്ങളിലുള്ള വീടുകൾ / ഫ്ലാറ്റുകളിൽ നിന്നുള്ള സെപ്റ്റിക് മാലിന്യം ഉൾപ്പെടെയുള്ള ജൈവ/അജൈവ മാലിന്യങ്ങൾ കായലിലേയ്ക്ക് ഒഴുക്കിവിടുന്നതിനെതിരെ സ്വീകരിക്കുന്ന നടപടികളെ സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ, മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയോടുകൂടി നിർമ്മിക്കുന്ന 2000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്വന്തമായി നിർമ്മിക്കണമെന്നാണ് നിലവിലുള്ള നടപടിക്രമമെന്നും പ്രസ്തുത കെട്ടിടങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി കിട്ടിയാൽ മാത്രമേ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകാറുള്ളുവെന്നും, ശുചിത്വ മിഷൻ വഴി മാലിന്യ നിർമ്മാർജ്ജനം ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്നും, കായൽ തീരങ്ങളിൽ വെള്ളക്കെട്ടുണ്ടാകുന്നതിനാൽ അവിടങ്ങളിൽ സെപ്റ്റിക് ടാങ്ക് സ്ഥാപിക്കുന്നത് പ്രായോഗികമല്ലെന്നും, അതുകൊണ്ട്

സ്വീവേജ് ട്രീറ്റ്മെന്റ് സാധിക്കാത്ത ഇടങ്ങളിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് മാത്രമേ ഫലപ്രദമാകുകയുള്ളൂവെന്നും ആകയാൽ ഇതിനായി കിഫ്ബിയിൽ പ്രോജക്ടും, റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ 28 സെപ്റ്റേജ് ട്രീറ്റ്മെന്റുകൾക്ക് തുകയും വകയിരുത്തിയിട്ടുണ്ടെന്നും സ്ഥല ലഭ്യതയാണ് ഏറ്റവും വലിയ പ്രശ്നമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

മിക്ക ഫ്ലാറ്റുകളിലും, ആശുപത്രികളിലും സ്വീവേജ്/ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അത് കൃത്യമായും ഫലപ്രദമായും പ്രവർത്തിപ്പിക്കുന്നില്ലെന്നതും, പ്രവർത്തനം നടത്തുന്നുണ്ടോയെന്ന് മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താത്തതും ഗുരുതരമായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തിയപ്പോൾ മലിനീകരണ നിയന്ത്രണ ബോർഡിന് ഇക്കാര്യം മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനങ്ങളില്ലെന്നും, കോൺട്രാക്ട് അടിസ്ഥാനത്തിൽ മോണിറ്റർ ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

കപ്പാസിറ്റി കൂടുതലുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളിൽ ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്താവുന്നതാണെന്നും എന്നാൽ ചെലവ് കൂടുതലായതിനാൽ ഫ്ലാറ്റുകളിലൊന്നും ഇതുവരെ ഇത് നടപ്പിലാക്കിയിട്ടില്ലെന്നും, കൂടാതെ യോഗ്യതയുള്ളവരുടെ അഭാവം കാരണം പ്രസ്തുത പ്ലാന്റുകൾ ഓപ്പറേറ്റ് ചെയ്യുന്നത് പലപ്പോഴും വാച്ചർമാരാണെന്നും, അതുകൊണ്ട് യോഗ്യതയുള്ളവരെ നിയമിക്കേണ്ടത് അത്യാവശ്യമാണെന്നും മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ അഭിപ്രായപ്പെട്ടു

ആശുപത്രികൾ, ഫ്ലാറ്റുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ മലിനീകരണ നിർമ്മാർജ്ജന പ്ലാന്റുകളുടെ പ്രവർത്തനം നിരന്തരമായി നിരീക്ഷിക്കേണ്ടത് അത്യാവശ്യമാണ്. പഞ്ചായത്ത് / മുനിസിപ്പൽ ബിൽഡിംഗ് റൂളിലെ വ്യവസ്ഥ പ്രകാരം നിലവിൽ സ്വീവേജ് /സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ പരിശോധിക്കുന്നതിനുള്ള അധികാരം മലിനീകരണ നിയന്ത്രണ ബോർഡിന് മാത്രമാണ്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളുടെ എണ്ണം കൂടുതലാണെന്നതിനാൽ ബോർഡിന്റെ നേതൃത്വത്തിൽ മാത്രമുള്ള പരിശോധനാ സംവിധാനം ഫലപ്രദമാകുന്നില്ലായെന്ന് സമിതി വിലയിരുത്തി. ആയതിനാൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും (നഗരസഭകൾക്കും പഞ്ചായത്തുകൾക്കും) അവിടുത്തെ ആരോഗ്യ വിഭാഗത്തിനും മലിനീകരണ നിയന്ത്രണ ബോർഡിനും സംയുക്തമായി പരിശോധന നടത്തുവാനുള്ള സംവിധാനം രൂപപ്പെടുത്തുന്നതിനായി നിലവിലുള്ള വ്യവസ്ഥകളിൽ മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുകയുണ്ടായി.

കായൽ തീര വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യനിർമ്മാർജ്ജനം കൂടുതൽ ഫലപ്രദമാക്കുന്നതിനാവശ്യമായ ഭാവി നടപടികളെക്കുറിച്ച് സമിതി ആരായുകയുണ്ടായി. ഉത്തരവാദിത്ത ടൂറിസത്തിന്റെ കീഴിലുള്ള പ്രധാനപ്പെട്ട ഡെസ്റ്റിനേഷനുകളിൽ വേസ്റ്റ് മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ആലപ്പുഴയിലെ ഫിനിഷിംഗ് പോയിന്റിൽ പ്രസ്തുത സംവിധാനം സ്ഥാപിച്ചെങ്കിലും ഹൗസ്ബോട്ടുടമകൾ ഇതുമായി സഹകരിക്കാത്തതിനാൽ ഫലപ്രദമായി നടപ്പിലാക്കാൻ സാധിച്ചിട്ടില്ലെന്നും, പള്ളാത്തുരുത്തിയിൽ ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യം ശേഖരിക്കുകയും പ്ലാസ്റ്റിക് മാലിന്യങ്ങൾ ഏറ്റുമാനൂരുള്ള ഷ്രെഡ്ഡിംഗ് യൂണിറ്റിലേക്ക് കൊണ്ടുപോകുകയും ചെയ്യുന്നുണ്ടെന്നും ജൈവമാലിന്യങ്ങൾ ഫിനിഷിംഗ് പോയിന്റിൽ തന്നെ നിർമ്മാർജ്ജനം ചെയ്യാനും അജൈവമാലിന്യങ്ങൾ ഒരു കമ്പനിക്ക് കൊടുക്കാനുമുള്ള സംവിധാനം പള്ളാത്തുരുത്തിയിൽ ചെയ്തിട്ടുണ്ടെന്നും, അവിടെയുള്ള ഹൗസ് ബോട്ടുകൾ ഈ സംവിധാനവുമായി സഹകരിക്കുന്നുണ്ടെന്നും, ഈ സംവിധാനം മറ്റ് സ്ഥലങ്ങളിൽ കൂടി വ്യാപിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്നും ടൂറിസം സെക്രട്ടറി വ്യക്തമാക്കി.

ചോദ്യാവലിയിന്മേലുള്ള വിശദമായ മറുപടി തദ്ദേശസ്വയംഭരണം, വിനോദസഞ്ചാരം എന്നീ വകുപ്പുകൾ ഒരു മാസത്തിനകം ലഭ്യമാക്കാമെന്ന് വകുപ്പ സെക്രട്ടറിമാർ സമിതിക്ക് ഉറപ്പുനൽകുകയും, പ്രസ്തുത മറുപടി ലഭ്യമായ ശേഷം ടി വിഷയത്തിന്മേൽ വിശദമായ ചർച്ച നടത്താമെന്ന് സമിതി അഭിപ്രായപ്പെടുകയും ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 2.50-ന് പിരിഞ്ഞു.

## 30-1-2020-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട്കമ്മിറ്റി X, 2020 ജനുവരി 30-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീ. ബി. ഡി. ദേവസ്സി, എം. എൽ. എ.
2. ശ്രീ. എൽദോ എബ്രഹാം, എം. എൽ. എ.
3. ശ്രീ. എസ്. രാജേന്ദ്രൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി മഞ്ജു വർഗ്ഗീസ്, ജോയിന്റ് സെക്രട്ടറി

2. ശ്രീ. റ്റി. എസ്. പ്രേമാനന്ദ്, അണ്ടർ സെക്രട്ടറി.

സമിതി, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം '235 എ' പ്രകാരം "വന്യജീവി ആവാസകേന്ദ്രങ്ങളുടെ സമഗ്ര വികസനം" എന്ന വിഷയം സംബന്ധിച്ച് തയ്യാറാക്കിയ പ്രത്യേക റിപ്പോർട്ടിന്റെ കരട്, പരിസ്ഥിതി, വിനോദസഞ്ചാരം എന്നീ വകുപ്പുകളുടെ 2018-19 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രിക എന്നിവ പരിഗണനയ്ക്കെടുക്കുകയും ചുവടെ ചേർത്ത തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I. <u>വന്യജീവി ആവാസ കേന്ദ്രങ്ങളുടെ സമഗ്രവികസനം എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിന്റെ കരട് പരിഗണന</u>

"വന്യജീവി ആവാസ കേന്ദ്രങ്ങളുടെ സമഗ്രവികസനം" എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ 1 മുതൽ 20, 23, 24, 26 മുതൽ 34, 37 എന്നീ ഖണ്ഡികകൾ ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു

ഖണ്ഡിക 21, 22, 36 എന്നിവ ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

ഖണ്ഡിക 19 പരിഗണിക്കവെ പ്രസ്തുത ഖണ്ഡികയിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം കാട്ടാനകളുടെ ആവാസവ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനായി, ആനകളുടെ സഞ്ചാരപഥത്തിൽ ഉൾപ്പെട്ടിട്ടുള്ള പ്രദേശങ്ങളും ആനയുടെ ആവാസവ്യവസ്ഥകൾക്കിടയിൽ പ്രത്യേകം വേർതിരിക്കപ്പെട്ടു കിടക്കുന്ന പൊതുസ്ഥലങ്ങളും ആനത്താരയുടെ ഭാഗമായി ഏറ്റെടുത്ത് സ്വാഭാവിക വനമാക്കിയാൽ ആയത് ദുരുപയോഗം ചെയ്യുവാൻ സാദ്ധ്യതയുള്ളതായി ശ്രീ. എസ്. രാജേന്ദ്രൻ, എം.എൽ.എ. അഭിപ്രായപ്പെടുകയുണ്ടായി.

ഖണ്ഡിക നമ്പർ 25, 35 എന്നിവ ചുവടെ ചേർത്തപ്രകാരം ഭേദഗതി ചെയ്യുവാൻ സമിതി തീരുമാനിച്ചു.

<u>ഖണ്ഡിക 25</u>

വന്യജീവി സങ്കേതങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളിയാണ് അധിനിവേശ സസ്യങ്ങളുടെ കടന്നുകയറ്റം. കേരളത്തിന്റെ ജൈവ ആവാസ വ്യവസ്ഥയിലേക്ക് അതിക്രമിച്ചുകയറി ഈർപ്പം, പ്രകാശം, പോഷകവസ്തുക്കൾ, സ്ഥലം മുതലായവയ്ക്കായി തദ്ദേശിയ സസ്യങ്ങളുമായി മൽസരിക്കുകയും അതോടൊപ്പം തദ്ദേശിയ സസ്യങ്ങളുടെ

വംശനാശത്തിന് കാരണമാകുകയും ചെയ്യുന്ന ഒരിനം സസ്യങ്ങളാണ് അധിനിവേശ സസ്യങ്ങൾ. കളകളായും പൂച്ചെടികളായും പരിഗണിക്കപ്പെടുന്ന ഇവ വിവിധ കാലഘട്ടങ്ങളിൽ വിദേശ രാജ്യങ്ങളിൽ നിന്നും പ്രത്യേക സാഹചര്യങ്ങളിൽ (സാമൂഹ്യ വനവൽക്കരണം പോലുള്ള) വന്നുപെട്ടവയാണ്. മൂടില്ലാത്താളി, ധൃതരാഷ്ട്രപച്ച, ആനത്തൊട്ടാവാടി, കമ്മ്യൂണിസ്റ്റ്പച്ച, യൂക്കാലി, അക്കേഷ്യ, മാഞ്ചിയം, കോൺഗ്രസ്സ്പച്ച, കൊങ്ങിണി, മഞ്ഞക്കൊന്ന തുടങ്ങിയവ ഉദാഹരണങ്ങൾ. ഇവയുടെ വ്യാപനം പുല്ല് ഉൾപ്പെടെയുള്ള ചെടികൾ ഇല്ലാതാകുന്നതിനും അതിലൂടെ ഭക്ഷ്യക്ഷാമം ഉണ്ടാകുന്നതിനും കാരണമാകുന്നു. സസ്യാഹാരികളായ ജീവജാലങ്ങളെയാണ് ഇത് പ്രധാനമായും ബാധിക്കുന്നത്. വന്യജീവി സങ്കേതങ്ങളിലെ പതിവ് കാഴ്ചയായിരുന്ന പുൽമേടുകളിൽ മേയുന്ന മാൻകൂട്ടങ്ങൾ ഇപ്പോൾ അപൂർവ്വദൃശ്യമായി. കാടിനും നാടിനും ഭീഷണി ഉയർത്തുന്ന അധിനിവേശ സസ്യവ്യാപനത്തെ അതീവഗൗരവത്തോടെ വീക്ഷിക്കുന്ന സമിതി, കേരളത്തിലെ വിവിധ വന്യജീവി സങ്കേതങ്ങളിലെ അധിനിവേശ സസ്യങ്ങളെ കാടിറക്കുന്നതിനാവശ്യമായ ഫലപ്രദമായ നിർമ്മാർജ്ജന പദ്ധതികൾ ആവിഷ്കരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

ഖണ്ഡിക 35

കാട്ടുതീ പ്രതിരോധിക്കുന്നതിനായി നൂതന മാർഗ്ഗങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി 1980 കളുടെ തുടക്കത്തിൽ കുളത്തുപ്പുഴയ്ക്ക് സമീപമുള്ള അരിപ്പയിൽ ആരംഭിച്ച ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗമായി തുടങ്ങിയ ഫയർ ട്രെയിനിംഗ് സെന്റർ നിലവിൽ യാതൊരുവിധ പ്രവർത്തനവും നടത്തുന്നില്ലെന്നും പേരിനുമാത്രം നിലനിൽക്കുന്ന ഒരു സ്ഥാപനമായി ഇത് മാറിയിരിക്കുകയാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ട്രെയിനിംഗ് സെന്ററിൽ ട്രെയിനിംഗ് നൽകുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ ഒരുക്കി, പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കണമെന്നും, ഫയർ ട്രെയിനിംഗ് നൽകുന്നതിനാവശ്യമായ പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരെ അടിയന്തരമായി നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സമിതി മേൽപ്പറഞ്ഞ ഭേദഗതികളോടെ പ്രസ്തുത റിപ്പോർട്ട് അംഗീകരിക്കുകയും 2020 ജനുവരി 5-ാം തീയതി സഭയിൽ സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

II. കാലതാമസപത്രിക പരിഗണന

സമിതിയുടെ 2018-19 സാമ്പത്തിക വർഷത്തെ പരിസ്ഥിതി, വിനോദസഞ്ചാരം എന്നീ വകുപ്പുകളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 6/സബ്.സി.എഫ്1/2019/നി.സെ.)

സമിതിയോഗം വൈകുന്നേരം 4.00 മണിക്ക് പിരിഞ്ഞു.

## 20-2-2020-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട്കമ്മിറ്റി X, 2020 ഫെബ്രുവരി 20-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '3 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ കടകംപള്ളി സുരേന്ദ്രനും ചുവടെ ചേർക്കുന്ന അംഗങ്ങളും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ:</u>

1. ശ്രീ. കെ. യു. ജനീഷ്കുമാർ, എം.എൽ.എ.
2. ശ്രീ. എസ്. രാജേന്ദ്രൻ, എം.എൽ.എ.
3. ശ്രീ. റോജി എം. ജോൺ, എം.എൽ.എ.
4. ശ്രീ. എ. എൻ. ഷംസീർ, എം.എൽ.എ.
5. ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി മഞ്ജു വർഗ്ഗീസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീ. വേണുഗോപാൽ ആർ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. റ്റി. എസ്. പ്രേമാനന്ദ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ഡോ. ആഷ തോമസ്, അഡീഷണൽ ചീഫ് സെക്രട്ടറി, വനം വന്യജീവി വകുപ്പ്
2. ഡോ. ഉഷ ടൈറ്റസ്, പ്രിൻസിപ്പൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ്
3. ശ്രീമതി റാണി ജോർജ്ജ്, സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്
4. ശ്രീമതി യമുന വി., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീ. പി. ബാലകിരൺ, ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്
6. ഡോ. രാജശ്രീ അജിത്, ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (KITTS)

7. ശ്രീമതി കൃഷ്ണതേജ, മാനേജിംഗ് ഡയറക്ടർ, കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ

8. ശ്രീ. പി. എം. നൗഷാദ്, മാനേജിംഗ് ഡയറക്ടർ, ടൂറിസം പ്രോജക്ട്സ്

9. ശ്രീ. പി. കെ. കേശവൻ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

10. ശ്രീ. ബെന്നിച്ചൻ തോമസ്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ് മാനേജ്മെന്റ്)

11. ശ്രീ. ഡി. കെ. വർമ്മ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (പ്ലാനിംഗ് & ഡെവലപ്പ്മെന്റ്)

12. ശ്രീമതി പത്മ മഹന്തി, കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഇ.ഡി.&റ്റി.ഡബ്ല്യൂ.)

13. ശ്രീ. കെ. ജി. മോഹൻലാൽ, സി.എം.ഡി., കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്

14. ശ്രീമതി ശ്രീകല എസ്., മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

15. ശ്രീ. സന്തോഷ്ലാൽ എ. ആർ., ഡെപ്യൂട്ടി ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്

16. ശ്രീ. വിനോദ്കുമാർ കെ., പ്രോജക്ട് മാനേജർ, കേരള ടൂർ കമ്പനി (കെ.റ്റി.സി.)

17. ശ്രീ. കെ. രൂപേഷ് കുമാർ, കോ-ഓർഡിനേറ്റർ, സംസ്ഥാന ഉത്തരവാദിത്ത ടൂറിസം മിഷൻ

18. ശ്രീ. രാജീവ് കാരിയിൽ, പ്ലാനിംഗ് ഓഫീസർ, വിനോദസഞ്ചാര വകുപ്പ്

19. ശ്രീ. കെ. അനിൽകുമാർ, സീനിയർ ഫിനാൻസ് ഓഫീസർ, ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്

20. ശ്രീ. ഡി. മനോജ്കുമാർ, പ്രോജക്ട് എക്സിക്യൂട്ടീവ്, തെന്മല ഇക്കോ ടൂറിസം

21. ശ്രീ. ഹൻസ എം. ഹബീബ്, ജൂനിയർ സൂപ്രണ്ട്, ഇക്കോ ടൂറിസം ഡിപ്പാർട്ട്മെന്റ്

സമിതി, 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സമിതിയുടെ പരിഗണനയിൽ വരുന്ന XVII, XX, XXXIV, XLII എന്നീ ധനാഭ്യർത്ഥനകളുടെ

സൂക്ഷ്മപരിശോധന നടത്തുകയും അതിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി താഴെപ്പറയും പ്രകാരം ചർച്ച നടത്തുകയും ചെയ്തു.

2018-19 സാമ്പത്തിക വർഷം മുതൽ ബഡ്ജറ്റ് എക്സ്പെന്റിച്ചറിൽ കുറവ് വന്ന സാഹചര്യത്തിൽ ബഡ്ജറ്റ് വിഹിതത്തിലും കുറവ് വന്നിരിക്കുകയാണെന്നും ഭരണാനുമതി ലഭിച്ച പ്രവർത്തികൾക്കുപോലും മതിയായ ഫണ്ട് നിലവിലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലെന്നും വനംവന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ആമുഖമായി വ്യക്തമാക്കി.

നടപ്പുവർഷത്തേയ്ക്ക് (2020-21) ആകെ 210 കോടി രൂപയാണ് വനം വകുപ്പിനായി അനുവദിച്ചിട്ടുള്ളതെന്നും മുൻവർഷത്തെക്കാൾ 45 കോടി രൂപയുടെ കുറവാണ് കാണുന്നതെന്നും, ഏകദേശം 17%ത്തോളം കുറവാണിതെന്നും പന്ത്രണ്ടോളം ബഡ്ജറ്റ് ഹെഡ്ഡുകളിലായി 48.9 കോടി രൂപയാണ് അധികമായി ആവശ്യപ്പെടുന്നതെന്നും പല ഹെഡ്ഡുകളിലും ഇതുവരെയുള്ള ചെലവിനേക്കാളും കുറവ് തുകയാണ് വകയിരുത്തിയിരിക്കുന്നതെന്നും വനം വകുപ്പ് ഉദ്യോഗസ്ഥൻ വിശദമാക്കി.

മുൻ വർഷം വനസംരക്ഷണത്തിന് 28 കോടി രൂപ അനുവദിച്ചിരുന്നുവെന്നും എന്നാൽ ആയത് ഇപ്പോൾ 25 കോടി രൂപയായി കുറച്ചിരിക്കുകയാണെന്നും വനസംരക്ഷണത്തിനായുള്ള അടിസ്ഥാനപ്രവർത്തികളായ കാട്ടുതീ പ്രതിരോധ പ്രവർത്തികൾ, വനമേഖലയിൽ ജലസംഭരണത്തിനുള്ള സൗകര്യങ്ങൾ ഒരുക്കൽ, മണ്ണ്-ജല സംരക്ഷണ പ്രവർത്തികൾ എന്നിവയ്ക്കായി വനസംരക്ഷണം എന്ന ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്നും ആകയാൽ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കർണ്ണാടക സർക്കാർ കണ്ണൂർ ജില്ലയിലെ വനാതിർത്തികളിൽ ട്രെഞ്ചും ജണ്ടയും മാറ്റിയിടുന്ന പ്രവർത്തികൾ നിർബാധം തുടരുന്ന സാഹചര്യം ബഹു. അംഗം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ആയതിന് പ്രസ്തുത സ്ഥലം രേഖകൾ പ്രകാരം റവന്യൂ ലാന്റായതിനാലാണ് വനംവകുപ്പിന് ഇടപെടാൻ സാധിക്കാത്തതെന്നും കേരളത്തിന്റെ അതിർത്തി കൂട്ടുപുഴയാണെന്നും, പുഴയുടെ ഗതിമാറിയതിനാലാണ് അതിർത്തി മാറിയതെന്നുമാണ് കർണ്ണാടക സർക്കാർ അവകാശപ്പെടുന്നതെന്നും വനംവകുപ്പ് ഉദ്യോഗസ്ഥർ മറുപടി നൽകി.

കൂട്ടുപുഴയുടെ അപ്പുറം ഉണ്ടായിരുന്ന പഴക്കമുള്ള ജണ്ട അവർ മാറ്റിയിടുകയും, പുഴയുടെ പകുതിഭാഗം വരെ അവരുടെ അതിർത്തിയാണെന്ന അവകാശവാദം ഉന്നയിക്കുകയാണെന്നും, ഇതുമൂലം കൂട്ടുപുഴ പാലം പണി പൂർത്തിയാക്കുന്നതിനായി കർണ്ണാടക സർക്കാരിന്റെ കാരുണ്യത്തിനായി കാത്തിരിക്കുകയാണെന്നും, കോടികൾ മുടക്കി പണിത ബാരാപോൾ ജലവൈദ്യുത പദ്ധതിയും പ്രസ്തുത പ്രദേശത്താണെന്നും സമിതി അംഗം കൂട്ടിച്ചേർത്തു.

ഇത്തരത്തിലുള്ള വനാതിർത്തി കൈയ്യേറ്റം കണ്ണൂരിൽ മാത്രമല്ലെന്നും, കാസർഗോഡ് അതിർത്തിയിലെ 800 ഹെക്ടർ ഭൂമി തർക്കത്തിലാണെന്നും കർണ്ണാടകവും, കേരളവും, വിവരങ്ങൾ പരസ്പരം കൈമാറാൻ തയ്യാറാകാത്തതിനാൽ പ്രശ്നം പരിഹരിക്കുവാൻ സാധിക്കാത്ത സാഹചര്യമാണെന്നും വനംവകുപ്പ് ഉദ്യോഗസ്ഥർ അഭിപ്രായപ്പെട്ടു.

ചില സ്ഥലങ്ങൾ ഉദ്യോഗസ്ഥർ ബോധപൂർവ്വം വനഭൂമിയാക്കി മാറ്റുന്നതായുള്ള പരാതിയുണ്ടെന്ന് സമിതി അംഗം പരാമർശിച്ചപ്പോൾ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതിയതായി നോട്ടീസ് കൊടുത്ത് ഒരു പ്രദേശവും ഇ.എഫ്.എൽ. ആക്കിയിട്ടില്ലെന്നും, നേരത്തെ നോട്ടീസ് കൊടുത്തതും കോടതി നടപടിക്രമങ്ങൾ പൂർത്തിയാകുന്നവയിന്മേലുമാണ് നടപടിയെടുക്കുന്നതെന്നും വനംവകുപ്പ് മന്ത്രി വ്യക്തമാക്കി.

വനാതിർത്തി പൂർണ്ണമായും ജണ്ട കെട്ടി തിരിക്കുവാനുള്ള ശ്രമമാണ് കഴിഞ്ഞ നാല് വർഷമായി നടന്നുവരുന്നതെന്നും, രണ്ട് മൂന്ന് വർഷത്തിനുള്ളിൽ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുവാൻ സാധിക്കുമെന്നാണ് കരുതുന്നതെന്നും എന്നാൽ മുൻ വർഷത്തെക്കാൾ 4 കോടി രൂപ കുറച്ചാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നതെന്നും ആകയാൽ, വനാതിർത്തി നിർണ്ണയത്തിനായി 6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

നശിക്കപ്പെട്ട വനങ്ങളുടെ പുനരുദ്ധാരണം, തോട്ടങ്ങളുടെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കൽ-വന്മരത്തോട്ടങ്ങൾ, തോട്ടങ്ങളുടെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കൽ-വ്യാവസായിക അസംസ്കൃത വസ്തുക്കളായുള്ള തോട്ടങ്ങൾ എന്നീ ശീർഷകങ്ങളിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമായതിനാൽ ടി ശീർഷകങ്ങളിൽ യഥാക്രമം 2.08 കോടി രൂപ, 3.60 കോടി രൂപ, 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

വന വിപുലീകരണത്തിനായി വകയിരുത്തിയിരിക്കുന്ന തുക നിലവിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ പൂർത്തിയാക്കുന്നതിന് അപര്യാപ്തമായതിനാൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സംസ്ഥാനത്ത് മനുഷ്യ-മൃഗ സംഘർഷങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വന്യമൃഗാക്രമണം ഫലപ്രദമായ രീതിയിൽ തടയുന്നതിന് ട്രെഞ്ചോ, മതിലോ, റെയിൽ ഫെൻസിംഗോ ചെയ്യുന്നതിനായി മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമാണെന്ന് സമിതിയിൽ അഭിപ്രായമുയരുകയുണ്ടായി.

മലയാറ്റൂരിൽ ഒരു മാസത്തിൽ പകുതിയലധികം ദിവസങ്ങളിലും ആനകൾ ജനവാസ കേന്ദ്രങ്ങളിലെത്താറുണ്ടെന്നും, ഇതിനെ പ്രതിരോധിക്കുന്നതിനായി 1½ കിലോമീറ്റർ ദൂരത്തിൽ ട്രെഞ്ച് നിർമ്മിക്കണമെന്നാവശ്യപ്പെട്ട് നിവേദനം നൽകിയപ്പോൾ ഫണ്ടില്ലെന്നാണ് വനം വകുപ്പ് ഉദ്യോഗസ്ഥർ പറയുന്നതെന്നും, എന്നാൽ കഴിഞ്ഞ വർഷത്തെ തുക പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ലെന്നും സമിതി അംഗം ചൂണ്ടിക്കാട്ടുകയുണ്ടായി. മേൽപ്രവർത്തികൾക്കായി ഫണ്ടില്ല എന്നുള്ളത് യാഥാർത്ഥ്യമാണെന്നും, കിഫ്ബിയിൽ നിന്നും ലഭിക്കുവാനുള്ള 75 ലക്ഷം രൂപയുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്നും, ഫണ്ട് ലഭിച്ചുകഴിഞ്ഞാൽ പ്രസ്തുത പ്രോജക്ടുകൾ നടപ്പിലാക്കാൻ കഴിയുമെന്നും വനംവകുപ്പ് മന്ത്രി കൂടിയായ സമിതി ചെയർമാൻ മറുപടി നൽകി.

കിഫ്ബിയിൽ ഉൾപ്പെടാത്ത പ്രോജക്ടുകളുടെ അവസ്ഥ എന്താണെന്നും കിഫ്ബിയിലെ അലോക്കേഷനിൽ യൂട്ടിലൈസ് ചെയ്യാനുള്ള ഏതെങ്കിലും പ്രൊപ്പോസലുണ്ടോ എന്നും സമിതി ആരാഞ്ഞതിന്, പുതിയ അലോട്ട്മെന്റ് അനുസരിച്ച് എസ്റ്റിമേറ്റ് എടുത്ത് ചെയ്യേണ്ടതാണെന്നും ഘട്ടം 1, ഘട്ടം 2 എന്നിങ്ങനെ രണ്ട് ഘട്ടങ്ങളായിട്ടാണ് കിഫ്ബിയുടെ പ്രൊപ്പോസൽ വന്നിട്ടുള്ളതെന്നും ഘട്ടം 1 ഏതാണ്ട് പകുതിയിൽ കൂടുതൽ പൂർത്തിയാക്കിയെന്നും, ഘട്ടം 2 ന്മേലുള്ള അപ്രൂവൽ കഴിഞ്ഞ മാസമാണ് ലഭിച്ചതെന്നും വനം വകുപ്പ് ഉദ്യോഗസ്ഥൻ മറുപടി നൽകി.

കാട്ടുപന്നികളെ ശല്യവിഭാഗം (vermin) ആയി പ്രഖ്യാപിക്കുന്ന നടപടിയുടെ വിശദാംശം സമിതി ആരാഞ്ഞതിന്, കേന്ദ്ര സർക്കാരാണ് ഇതിന്മേൽ അന്തിമ തീരുമാനമെടുക്കേണ്ടതെന്നും, വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യ ഈ വിഷയം സംബന്ധിച്ച് പഠനം നടത്തുകയാണെന്നും ഒരു മാസത്തിനകം പഠന റിപ്പോർട്ട് കേന്ദ്ര സർക്കാരിന് നൽകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും, പന്നികളെ വെർമിൻ ആയി പ്രഖ്യാപിച്ചാൽ ഏതു സമയത്തും വെടിവയ്ക്കാവുന്നതാണെന്നും വനം വകുപ്പ് ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

ശല്യമുണ്ടാക്കുന്ന പന്നികളെ വെടിവയ്ക്കുന്നതിന് ഫോറസ്റ്റ് ഗാർഡ് വരെയുള്ള ഉദ്യോഗസ്ഥർക്ക് അധികാരം കൊടുത്തുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചു എന്നും പിന്നീട് അത് ലഘൂകരിച്ച് തോക്കിന് ലൈസൻസ് എടുത്തിട്ടുള്ള ഏതൊരു കർഷകനും വെടിവയ്ക്കാമെന്നുള്ള ഒരു നിർദ്ദേശം വന്നിട്ടുണ്ടെന്നും, അത് പരിശോധിച്ച് നടപടി സ്വീകരിക്കുമെന്നും, തൽക്കാലം ശല്യക്കാരായ പന്നികളെ നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കാമെന്നും വനംവകുപ്പ് മന്ത്രി വ്യക്തമാക്കി.

വന്യമൃഗ ശല്യം തടയുന്നതിനാവശ്യമായ വനം വകുപ്പിന്റെ നടപടികളെപ്പറ്റി സമിതി അംഗം ആരാഞ്ഞതിന്, മനുഷ്യ-മൃഗ സംഘർഷങ്ങൾ ഉള്ള സ്ഥലങ്ങളിൽ റാപ്പിഡ് റെസ്പോൺസ് ടീമുകളെ (RRT) നിയോഗിക്കുകയാണ് ചെയ്യുന്നതെന്നും,

പ്രസ്തുത ടീമിൽ ഡെപ്യൂട്ടി റേഞ്ച് ഓഫീസർ മുതൽ താഴോട്ടുള്ള ജീവനക്കാരും പ്രദേശവാസികളുമാണുള്ളതെന്നും, നിലവിൽ എട്ട് സ്ഥലത്ത് മാത്രമേ ആർ.ആർ.റ്റി.കൾ പ്രവർത്തിക്കുന്നുള്ളുവെന്നും, പുതിയതായി ഏഴ് ആർ.ആർ.റ്റി.കൾ തുടങ്ങുന്നതിനും നിലവിലുള്ളവയിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുമുള്ള ഒരു പ്രൊപ്പോസൽ രണ്ട് വർഷമായി സർക്കാരിന്റെ പരിഗണനയിലാണെന്നും, ഇപ്പോൾ പ്രദേശവാസികളെ ഉൾപ്പെടുത്തി താൽക്കാലിക രീതിയിൽ ആർ.ആർ.റ്റി.കൾ പ്രവർത്തിപ്പിക്കുന്നുണ്ടെന്നും, വനസംരക്ഷണ സമിതികൾ, ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റികൾ, എം.എൽ.എ.ഫണ്ട്, മറ്റ് പല സ്രോതസ്സുകൾ എന്നിവയിൽ നിന്നെല്ലാം ധനസമാഹരണം നടത്തിയാണ് പ്രസ്തുത ആർ.ആർ.റ്റി.കൾ പ്രവർത്തിപ്പിക്കുന്നതെന്നും വനം വകുപ്പ് ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

സംസ്ഥാനത്താകെ 22 വന്യമൃഗസങ്കേതങ്ങളുള്ളതിൽ 8 സ്ഥലങ്ങളിൽ മാത്രമേ ആർ.ആർ.റ്റി. പ്രവർത്തിക്കുന്നുള്ളുവെന്നും വന്യമൃഗ സങ്കേതങ്ങളിലെല്ലാം ആർ.ആർ.റ്റി.കൾ പ്രവർത്തന സജ്ജമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ എന്ന ശീർഷകത്തിൽ വകയിരുത്തിയ 24 കോടി രൂപ, മലബാർ മേഖലയ്ക്ക് മാത്രമുള്ളതാണെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറഞ്ഞിരുന്നുവെങ്കിലും ഈ പദ്ധതികളൊന്നും ഉത്തരമലബാറിലേയ്ക്ക് വന്നിട്ടില്ലെന്ന് സമിതി അംഗം വ്യക്തമാക്കി. അധികമായി ആവശ്യപ്പെടുന്ന 2 കോടി രൂപ അപര്യാപ്തമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ധനാഭ്യർത്ഥന നമ്പർ XXXIV-ലെ വനംവകുപ്പുമായി ബന്ധപ്പെട്ട വിവിധ പ്ലാൻ ശീർഷകങ്ങൾക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ, മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾക്കായി 2 കോടി, റോഡുകൾക്കായി 1 കോടി, കെട്ടിടങ്ങൾക്കായി 4.25 കോടി, ജൈവവൈവിധ്യ സംരക്ഷണത്തിനായി 5 കോടി, പരിസ്ഥിതി വികസനപരിപാടിയ്ക്കായി 75 ലക്ഷം, വനാഗ്നി തടയലും സംരക്ഷണവും പദ്ധതിയ്ക്കായി 4 കോടി, മാനവശേഷി വികസനത്തിനായി 2.1 കോടി, വിഭവ ആസൂത്രണവും ഗവേഷണത്തിനുമായി 1 കോടിരൂപ എന്നിവ അതാത് ബഡ്ജറ്റ് ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കൂടാതെ ഫോറസ്റ്റ് മാനേജ്മെന്റ് വിവരസമ്പ്രദായവും ജിയോഗ്രാഫിക് വിവരസമ്പ്രദായത്തിനായി 1 കോടി രൂപയും ആർ.ഐ.ഡി.എഫ്-ൽ നിന്നുള്ള സഹായത്തോടുകൂടിയ പണികൾക്കായി 1.25 കോടി രൂപയും, പുത്തൂർ സുവോളജിക്കൽ പാർക്ക്, വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രം എന്നിവയ്ക്കായി 8 കോടി രൂപയും,

ഇക്കോടൂറിസം- പ്രോജക്റ്റ് ഗ്രീൻഗ്രാസ്സിനായി 1.72 കോടി രൂപയും, ബന്ധപ്പെട്ട പ്ലാൻ ശീർഷകങ്ങളിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു. കൂടാതെ വിവിധ നോൺ പ്ലാൻ ശീർഷകങ്ങളായ ചെറുകിട മരാമത്തുപണികൾക്കായി 22 ലക്ഷം രൂപയും, റോഡുകളുടെയും പാലങ്ങളുടെയും അറ്റകുറ്റപ്പണിയ്ക്കായി 17.50 ലക്ഷം രൂപയും, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണിക്കായി 14.50 ലക്ഷം രൂപയും, ഉറപ്പുകരഞ്ഞതും വ്യാവസായികാവശ്യത്തിന് ഉപയോഗപ്രദവുമായ മൃദുവൃക്ഷങ്ങളും മറ്റിനം മരങ്ങളും വച്ചുപിടിപ്പിക്കുവാൻ കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് ഫണ്ടിൽ നിന്നുള്ള ചെലവുകൾക്കായി 1.4 കോടി രൂപയും, സർക്കാർ ഏജൻസി വഴി വനങ്ങളിൽ നിന്നും തടിയും മറ്റുൽപ്പന്നങ്ങളും സംഭരിക്കുന്നതിനായി 17.5 കോടിരൂപയും, കന്നുകാലികൾക്കായി 2.5 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാനും സമിതി തീരുമാനിച്ചു.

തുടർന്ന് വനസംരക്ഷണവുമായി ബന്ധപ്പെട്ട വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളെ സംബന്ധിച്ച് സമിതി വിശദമായ ചർച്ച നടത്തി. പ്രസ്തുത ചർച്ചയിൽ പദ്ധതികൾക്ക് (60:40) അനുവദിക്കുന്ന കേന്ദ്രവിഹിതം ഇപ്പോൾ ലഭിക്കുന്നില്ലെന്നും ഒരു വർഷം മുമ്പ് അനുവദിച്ച ഫണ്ട് ഉപയോഗിക്കുവാൻ സാധിക്കുന്നില്ലെന്നും, കേന്ദ്ര സർക്കാർ പണം ട്രാൻസ്ഫർ ചെയ്യുന്നത് എസ്.എഫ്.ഡി.എ. അക്കൗണ്ടിലേയ്ക്കാണെന്നും തുടർന്ന് ട്രഷറിയിലേക്ക് ട്രാൻസ്ഫർ ചെയ്യണമെന്നാണ് ആവശ്യപ്പെടുന്നതെന്നും, ട്രഷറി അക്കൗണ്ട് തുടങ്ങുവാനുള്ള സർക്കാർ ഉത്തരവ് ലഭിക്കാത്തതിനാൽ ഫണ്ടുകൾ ലാപ്സാവുകയാണെന്നും സമിതി ഇതിലേക്ക് വ്യക്തമായ ശിപാർശ നൽകേണ്ടതാണെന്നും വനം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു

മൂന്ന് വർഷം മുമ്പ് വരെ സംസ്ഥാന വിഹിതം സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ലഭ്യമായിരുന്നുവെന്നും എന്നാൽ കേന്ദ്ര വിഹിതം ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന വിഹിതം അനുവദിക്കുകയുള്ളൂവെന്ന നിയന്ത്രണംമൂലം, കേന്ദ്രവിഹിതം ലഭിക്കുന്നത് ഒക്ടോബർ, നവംബർ മാസങ്ങളിലായതിനാൽ പ്രസ്തുത വിഹിതം ചെലവഴിക്കുവാനുള്ള സമയം കിട്ടാറില്ലെന്നും, ഫണ്ട് ലാപ്സായിപോകുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പ്രസ്തുത സാഹചര്യത്തിൽ കേന്ദ്രഫണ്ട് യഥാസമയം സംസ്ഥാനത്തിന് നൽകണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു തുടർന്ന്, സമിതി പൊതുവായ വിഷയങ്ങളിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയുണ്ടായി.

പട്ടയങ്ങൾക്ക് കേന്ദ്രാനുമതി ലഭ്യമാകുന്നത് സംബന്ധിച്ച നിലവിലെ അവസ്ഥ എന്താണെന്ന് സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് ആരാഞ്ഞതിന്, 21000 ഹെക്ടർ ഭൂമിക്ക് പട്ടയം നൽകുന്നതിന് 1995-ൽ അനുമതി ലഭിച്ചതനുസരിച്ച് ഇനി മൂന്ന് ജില്ലകൾക്ക് കൂടി പട്ടയം കൊടുത്തു തീർക്കുവാനുണ്ടെന്നും, ഇടുക്കി ജില്ലയിൽ പൂർണ്ണമായും

കൊടുത്തു തീർന്നിട്ടില്ലെങ്കിലും പട്ടയവിതരണത്തിൽ പുരോഗതിയുണ്ടെന്നും, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ പട്ടയ വിതരണം പൂർത്തിയായിട്ടില്ലെന്നും, കൊല്ലം, പത്തനംതിട്ട ജില്ലകളുടെ പട്ടയ വിതരണം പൂർത്തിയായെന്നും, പത്തനംതിട്ട ജില്ലയുടെ 1970 ഹെക്ടറും 6535 കുടുംബങ്ങളും ഉൾപ്പെടുന്ന പ്രൊപ്പോസൽ തയ്യാറായിട്ടുണ്ടെന്നും, പ്രസ്തുത പ്രൊപ്പോസൽ ജില്ലാ കളക്ടർ അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്നും, അപ്‌ലോഡ് ചെയ്യാൻ തയ്യാറായിട്ടുള്ള മറ്റ് രണ്ട് ജില്ലകൾ തിരുവനന്തപുരവും കൊല്ലവുമാണെന്നും വനംവന്യജീവി വകുപ്പ് ഉദ്യോഗസ്ഥൻ വ്യക്തമാക്കിയപ്പോൾ പത്തനംതിട്ട ജില്ലയുടെ പ്രൊപ്പോസൽ അപ്രൂവ് ചെയ്തിട്ടുണ്ടെന്ന് വനംവകുപ്പ് മന്ത്രി സമിതി മുമ്പാകെ അറിയിച്ചു

പ്രൊപ്പോസലുകൾ സർക്കാർ അംഗീകരിച്ചുകഴിഞ്ഞാൽ അവ കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുമെന്നും, കേന്ദ്രാനുമതി ലഭിക്കുമ്പോൾ തന്നെ പട്ടയം കൊടുക്കത്തക്ക രീതിയിൽ വ്യക്തികളുടെ സർവ്വേ 95% വരെ പൂർത്തിയാക്കിയിട്ടുണ്ടെന്നും വനം വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു .

ഇടുക്കി ജില്ലയിലെ വട്ടവട ഭാഗത്തുള്ള യൂക്കാലി മരങ്ങൾ ലേലം നടത്തി ഗവൺമെന്റിലേക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതയെക്കുറിച്ച് സമിതി ആരാഞ്ഞതിന്, പ്രസ്തുത വിഷയം റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടതാണെന്നും, കഴിഞ്ഞ വർഷം എച്ച്.എൽ.എൽ.-ന് (ഹിന്ദുസ്ഥാൻ ലിവർ ലിമിറ്റഡ്) അലോട്ട് ചെയ്തിരുന്നുവെന്നും പ്രസ്തുത സ്ഥലം സ്വാഭാവിക വനമായി (ചോലവനം) മാറ്റണമെന്നതാണ് സർക്കാരിന്റെ നയമെന്നും, വനഭൂമിയിലുള്ള അക്കേഷ്യ, യൂക്കാലി പോലുള്ള പ്രായമെത്തിയ മരങ്ങൾ വേരോടെ പിഴുതുമാറ്റി പകരം സ്വാഭാവിക മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനായി സർക്കാരിന് നിർദ്ദേശം നൽകുവാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടെന്നും, നിലവിലുള്ള വ്യാവസായിക അസംസ്കൃത വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്ന തോട്ടങ്ങൾ, വന്മരതോട്ടങ്ങൾ എന്നീ പ്രോജക്ടുകളിലാണ് ഇത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്നും നിലവിലുള്ള ബഡ്ജറ്റ് വിഹിതം കുറവാണെങ്കിലും പ്രസ്തുത പദ്ധതിയുമായി മുന്നോട്ടുപോകുവാനാണ് വകുപ്പ് ഉദ്ദേശിക്കുന്നതെന്നും വനം വകുപ്പ് ഉദ്യോഗസ്ഥൻ മറുപടി നൽകി.

വ്യാവസായിക അസംസ്കൃത വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്ന തോട്ടങ്ങൾ എന്ന പദ്ധതിയിലൂടെ യൂക്കാലി മരങ്ങൾ വച്ചുപിടിപ്പിക്കുകയായിരുന്നു പതിവെന്നും എന്നാൽ ഇനി മുതൽ പ്രായമെത്തിയ യൂക്കാലി മരങ്ങൾ മുറിച്ചുമാറ്റി സ്വാഭാവിക മരങ്ങൾ വച്ചുപിടിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നതെന്നും, വന്യജീവി സങ്കേതങ്ങളിലുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി അനുമതി ലഭിക്കാൻ വളരെ ബുദ്ധിമുട്ടാണെന്നും, വന്യജീവി സങ്കേതങ്ങളിൽ നിന്നും മരങ്ങൾ മുറിച്ചുമാറ്റുവാൻ പാടില്ലെന്ന ബഹു. സുപ്രീംകോടതിയുടെ ഉത്തരവ് നിലനിൽക്കുന്നതിനാൽ, ഇതെങ്ങനെ പരിഹരിക്കാം എന്നത് സംബന്ധിച്ച്

പരിശോധിച്ച കൊണ്ടിരിക്കുകയാണെന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി യൂക്കാലി, അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ മരങ്ങൾ വച്ചുപിടിപ്പിച്ചിട്ടില്ലെന്നും വനംവകുപ്പ് ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

നിലവിലുള്ള നിയമപ്രകാരം ഇ.എഫ്.എൽ-ൽ ഉൾപ്പെടുന്ന ഭൂമിയെപ്പറ്റി സമിതി ആരാഞ്ഞതിന് പട്ടയഭൂമി മാത്രമാണ് ഇ.എഫ്.എൽ-ൽ ഉൾപ്പെടുന്നതെന്നും, പട്ടയഭൂമി അല്ലാത്തത് റിസർവ് വനമാകുമെന്നും ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

ധനാഭ്യർത്ഥന നമ്പർ XXXIV-ലെ ചെലവിനങ്ങളിൽ ഉൾപ്പെട്ട കേരള സംസ്ഥാനജൈവവൈവിധ്യ ബോർഡിന്റെ നടപ്പുസാമ്പത്തിക വർഷത്തെ ശമ്പളം, ശമ്പളേതരം, ചെലവുകൾക്കായി പദ്ധതിയേതര വിഹിതത്തിൽ വകയിരുത്തിയിരുന്ന തുക മുൻവർഷങ്ങളിലെ ചെലവുമായി താരതമ്യം ചെയ്യുമ്പോൾ തീരെ അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, സഹായധനം-ശമ്പളം, സഹായധനം-ശമ്പളേതരം എന്നീ ശീർഷകങ്ങളിൽ യഥാക്രമം 8 ലക്ഷം രൂപ, 16 ലക്ഷം രൂപ എന്നിവ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സംസ്ഥാന ഖജനാവിലേയ്ക്കുള്ള വരുമാനത്തിന്റെ മുഖ്യമായ ഒരു സ്രോതസ്സ് വിനോദസഞ്ചാര മേഖലയാണ്. ഏറെ വിദേശനാണ്യം നേടിത്തരുന്ന മേഖല എന്ന നിലയിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനായി ഈ മേഖലയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ് എന്ന് സമിതി അഭിപ്രായപ്പെട്ടു.

പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങളും നിപ്പ വൈറസിന്റെ ആക്രമണവും വിനോദസഞ്ചാരമേഖലയെ ഏറെ ആഘാതമേൽപ്പിച്ചു എന്ന് വിലയിരുത്തിയ സമിതി ഈ മേഖലയെ പുനരുജ്ജീവിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് ചൂണ്ടിക്കാട്ടി. ടൂറിസം സാദ്ധ്യത മുൻനിറുത്തി വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും അവ വിപണനം ചെയ്യുന്നതിനും മുൻതൂക്കം കൊടുക്കണമെന്ന് സമിതി അഭിപ്രായപ്പെടുകയുണ്ടായി. ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ചും നടപ്പുസാമ്പത്തിക വർഷം ഇവയ്ക്കായി അനുവദിച്ച തുക സംബന്ധിച്ചും സമിതി വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്ന് വിശദ വിവരങ്ങൾ ആരായുകയും മുൻ വർഷങ്ങളിൽ അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുമായി താരതമ്യം ചെയ്ത് വിലയിരുത്തുകയുമുണ്ടായി.

ധനാഭ്യർത്ഥന നമ്പർ XLII-ലെ വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട പ്ലാൻ ഇനത്തിലെ വിവിധ ശീർഷകങ്ങൾക്ക് അനുവദിച്ച തുക അപര്യാപ്തമാണ് എന്ന്

വിലയിരുത്തിയ സമിതി, ടൂറിസം- വിപണനത്തിനും പ്രോത്സാഹനത്തിനുമായി 37 കോടി രൂപ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസിന് (കിറ്റ്സ്) 1.82 കോടി രൂപ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റിനായി (എസ്.ഐ.എച്ച്.എം.) 17 കോടി രൂപ, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് (എഫ്.സി.ഐ.) 7.5 കോടി രൂപ, ഉത്തരവാദിത്തത്തോടെയുള്ള വിനോദസഞ്ചാരത്തിനായി 6 കോടി രൂപ, 'ലീഗ്' അടിസ്ഥാനത്തിലുള്ള ബോട്ട് മത്സരത്തിന് 13 കോടി രൂപ, അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റ് സൗകര്യങ്ങളുടെയും വികസനവും നിലവാരം ഉയർത്തലിനുമായി 33 കോടി രൂപ, അതിഥി മന്ദിരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റ് സൗകര്യങ്ങളുടെയും വികസനവും നിലവാരം ഉയർത്തലിനുമായി 20 കോടി രൂപ എന്നിവ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കൂടാതെ നോൺപ്ലാൻ ഇനത്തിൽ ഗതാഗതം- യാത്രാചെലവുകൾ- യാത്രാബത്ത എന്നിവയ്ക്കായി 50,000 രൂപയും, ഓഫീസ് ചെലവുകൾ -മറ്റിനങ്ങൾ എന്നിവയ്ക്കായി 1.65 ലക്ഷം രൂപയും, മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി 6.94 ലക്ഷം രൂപയും, പി.ഒ.എൽ-നായി 31.89 ലക്ഷം രൂപയും ഭരണവും നടത്തിപ്പും- വേതനം എന്നിവയ്ക്ക് 73.26 ലക്ഷം രൂപയും, ഭരണം-യാത്രാചെലവുകൾ- യാത്രാബത്തയ്ക്കായി 1.85 ലക്ഷം രൂപയും, ഭരണവും നടത്തിപ്പും-മറ്റ് ചെലവുകൾക്കായി 35.51 ലക്ഷം രൂപയും, ജില്ലാ ആഫീസുകൾ- യാത്രാചെലവുകൾ-യാത്രാബത്ത എന്നിവയ്ക്കായി 17,000 രൂപയും, ജില്ലാ ആഫീസുകൾ- യാത്രാചെലവുകൾ-ടെലിഫോൺ ചെലവുകൾ എന്നിവയ്ക്കായി 15,000 രൂപയും, ജില്ലാ ആഫീസുകൾ-വാടക, കരം, നികുതി എന്നിവയ്ക്കായി 2.39 ലക്ഷം രൂപയും, ഗസ്റ്റ് ഹൗസുകളും യാത്രിനിവാസുകളും ടൂറിസ്റ്റ് ലോഡ്ജുകളും-ആഫീസ് ചെലവുകൾ- മറ്റിനങ്ങൾ എന്നിവയ്ക്കായി 25.4 ലക്ഷം രൂപയും, ഗസ്റ്റ്ഹൗസുകളും യാത്രിനിവാസുകളും ടൂറിസ്റ്റ് ലോഡ്ജുകളും-മറ്റ് ചെലവുകൾ- മറ്റിനം എന്നിവയ്ക്കായി 28 ലക്ഷം രൂപയും വി.വി.ഐ.പി. സന്ദർശനവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി 2 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഗസ്റ്റ് ഹൗസുകളുടെ നവീകരണവും നിലവാരം ഉയർത്തലും പൊതുമരാമത്ത് വകുപ്പ് യഥാസമയം പൂർത്തിയാക്കാത്തതിനാൽ ടൂറിസം വകുപ്പിന്റെ വരുമാനത്തിൽ കുറവ് വരുന്നുണ്ടെന്നും ആയത് യഥാസമയം പൂർത്തീകരിച്ചാൽ മാത്രമെ ഇതുകൊണ്ടുള്ള ഗുണം ലഭിക്കുകയുള്ളൂവെന്നും സമിതി ചൂണ്ടിക്കാട്ടി.

ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം എല്ലാ ഗസ്റ്റ്ഹൗസുകളുടെയും സൗകര്യങ്ങൾ പരിശോധിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും അതുപ്രകാരം ബിൽഡിംഗ് ഇൻഫ്രാസ്ട്രക്ച്ചർ, ക്യാമ്പസ്, ഹോസ്പിറ്റാലിറ്റി അറേഞ്ച്മെന്റ്സ്, സർവ്വീസ് എന്നിവ

മെച്ചപ്പെടുത്തുന്നതിനായി റിപ്പോർട്ട് തയ്യാറാക്കിവരികയാണെന്നും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പോരായ്മകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും വകുപ്പുസെക്രട്ടറി വ്യക്തമാക്കി.

ആലുവയിലെ പഴയ ഗസ്റ്റ്ഹൗസ് പുതുക്കി പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ടൂറിസം മന്ത്രി സമിതിയെ അറിയിച്ചു.

ഗസ്റ്റ്ഹൗസുകളിലെ ജീവനക്കാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിന്മേൽ പി.എസ്.സി. മുഖേനയാണ് നിയമനം നടത്തുന്നതെന്നും എന്നാൽ പാർട്ട്ടൈം സ്വീപ്പർ തസ്തികയിലെ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണ് നടത്തുന്നതെന്നും പ്രസ്തുത നിയമനങ്ങളുമായി ബന്ധപ്പെട്ട് പരാതിയുണ്ടെങ്കിൽ ശ്രദ്ധയിൽപ്പെടുത്തുന്നപക്ഷം അടിയന്തര നടപടി സ്വീകരിക്കുന്നതാണെന്നും ടൂറിസം മന്ത്രി വ്യക്തമാക്കി.

തുടർന്ന് സമിതി, എല്ലാ ജില്ലകളിലെയും ഡി.റ്റി.പി.സി.യിലെ ജീവനക്കാരുടെ തസ്തികയും വേതനവും ആനുകൂല്യങ്ങളും നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് രണ്ട് വർഷം മുമ്പ് രൂപീകരിച്ച കമ്മിറ്റിയുടെ പ്രവർത്തന പുരോഗതി ആരാഞ്ഞതിന്, പ്രസ്തുത പ്രവർത്തി പൂർത്തിയാക്കുന്നതിന് കുറച്ചുകൂടി സമയം ആവശ്യമാണെന്നും, കരട് റിപ്പോർട്ട് ഒരു മാസത്തിനകം സർക്കാരിന് സമർപ്പിക്കുമെന്നും ടൂറിസം ഡയറക്ടർ മറുപടി പറഞ്ഞു.

ഓരോ ജില്ലയിലെയും ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളെ കണ്ടെത്തി വികസിപ്പിക്കുന്നതിനും ഫണ്ട് കണ്ടെത്തുന്നതിനും, ഡി.റ്റി.പി.സി.കളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ഡി.റ്റി.പി.സി. സെക്രട്ടറിയും ടൂറിസം വകുപ്പും ഒത്തൊരുമിച്ച് പ്രവർത്തിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു. ജില്ലയിലെ എല്ലാ ഡി.റ്റി.പി.സി.കളും ലാഭത്തിലല്ല പ്രവർത്തിക്കുന്നതെന്നും എല്ലാ വരുമാനവും ഒരു പൂളിലേയ്ക്ക് എങ്ങനെ കൊണ്ടുവരുമെന്നത് സംബന്ധിച്ച് പരിശോധിക്കേണ്ടതാണെന്നും ടൂറിസം മന്ത്രി വ്യക്തമാക്കി.

ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റികളുടെ രൂപീകരണത്തെപ്പറ്റി സമിതി ആരാഞ്ഞപ്പോൾ ഡി.എം.സി.കൾ പ്രവർത്തിക്കുന്ന സ്ഥലങ്ങളിൽ ഡി.റ്റി.പി.സിക്ക് വരുമാനം ലഭിക്കുന്നില്ലെന്നും കാര്യമായി വരുമാനം ലഭിക്കുന്ന സ്ഥലങ്ങളിൽ ഡി.എം.സി രൂപീകരിക്കുന്നതാണ് നല്ലതെന്നും വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

സമിതിയോഗം വൈകുന്നേരം 4.00 മണിക്ക് പിരിഞ്ഞു.

## 25-2-2020-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2020 ഫെബ്രുവരി 25-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും ചുവടെ ചേർക്കുന്ന അംഗങ്ങളും ഹാജരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ:</u>

1. ശ്രീ. എ. എൻ. ഷംസീർ, എം.എൽ.എ.
2. ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി മഞ്ജു വർഗ്ഗീസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീ. വേണുഗോപാൽ ആർ., ഡെപ്യൂട്ടി സെക്രട്ടറി.

സമിതി, 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ള XVII, XX, XXXIV, XLII എന്നീ നമ്പർ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും കരട് റിപ്പോർട്ടിലെ ഖണ്ഡിക 18ന് ശേഷം പ്ലാൻ എന്ന ശീർഷകം കൊടുത്ത് അതിന് കീഴിൽ താഴെപ്പറയുന്ന ശിപാർശകൾ ഖണ്ഡിക 19, 20 ആയി ഉൾക്കൊള്ളിക്കുവാനും തുടർന്നുള്ള ശിപാർശകൾ പുനരക്കം ചെയ്യുവാനും തീരുമാനിക്കുകയും ടി ഭേദഗതികളോടെ കരട് റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.

2406-02-110-38 - വന്യജീവി ആവാസങ്ങളുടെ സംയോജിത വികസനം-ദേശീയ ഉദ്യാനങ്ങളുടെ പരിപാലനം

01 - ഇരവികുളം ദേശീയ ഉദ്യാനം

02 - സൈലന്റ്‌വാലി ദേശീയ ഉദ്യാനം

2406-02-110-39-(02) - വന്യജീവി ആവാസങ്ങളുടെ സംയോജിത വികസനം വന്യജീവിസങ്കേതങ്ങളുടെ പരിപാലനം - വയനാട് വന്യജീവിസങ്കേതം

2406-01-800-53 - വനാഗ്നി തടയലും സംരക്ഷണവും പദ്ധതി

2406-01-102-86 - ദേശീയ വനവൽക്കരണ പരിപാടി-ഹരിത ഇന്ത്യയ്ക്കായുള്ള ദേശീയ ദൗത്യം

2406-02-110-32 - പ്രകൃതി വിഭവങ്ങളുടെയും ആവാസ വ്യവസ്ഥകളുടെയും സംരക്ഷണം (തണ്ണീർ സംരക്ഷണം 60% കേന്ദ്രസഹായം)

മുകളിൽ ചേർത്തിരിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിലേക്ക് അനുവദിച്ച കേന്ദ്രവിഹിതം സംസ്ഥാന സർക്കാരിലേക്ക് ലഭിച്ചുവെങ്കിലും, വനവികസന ഏജൻസികൾക്ക് സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ട് ഇല്ലാത്തതിനാൽ പ്രസ്തുത വിഹിതം വകുപ്പിന് ചെലവാക്കുവാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ കേന്ദ്രവിഹിതവും അനുബന്ധമായ സംസ്ഥാന വിഹിതവും സംസ്ഥാന വനവികസന ഏജൻസിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കൂടാതെ താഴെപ്പറയും പ്രകാരം പ്രസ്തുത പദ്ധതികൾക്ക് വിതരണം ചെയ്യുവാൻ ശേഷിക്കുന്ന തുക (കേന്ദ്ര സംസ്ഥാന വിഹിതം ഉൾപ്പെടെയുള്ള തുക) അടിയന്തരമായി നൽകുവാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | |
|---|---|
| 2406 -02-110-38 (1) | 84.73 ലക്ഷം രൂപ |
| 2406 -02-110-38 (2) | 65.10 ലക്ഷം രൂപ |
| 2406 -02-110-39 (02) | 38.38 ലക്ഷം രൂപ |
| 2406 -01-800-53 | 155.27 ലക്ഷം രൂപ |
| 2406 -02-102-86 | 1746.68 ലക്ഷം രൂപ |
| 2406 -02-110-32 | 71.28 ലക്ഷം രൂപ |

സമിതി പരിഗണിച്ച് ഭേദഗതികളോടെ അംഗീകരിച്ച 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മേൽ സൂചിപ്പിച്ച കരട് റിപ്പോർട്ട് സബ്ജക്ട് കമ്മിറ്റി X-ന്റെ അഞ്ചാമത് റിപ്പോർട്ടായി 2020 മാർച്ച് 2-ാം തീയതി സഭയിൽ സമർപ്പിക്കുവാനും സമിതി തീരുമാനിച്ചു.

സമിതിയോഗം രാവിലെ 11.20-ന് പിരിഞ്ഞു.

---